കേരള സർക്കാർ

# നവകേരളം കർമപദ്ധതി
# പ്രവർത്തന റിപ്പോർട്ട്
## 2024 ജൂലൈ

# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 37 |
| വിദ്യാകിരണം | 40 |
| ആർദ്രം മിഷൻ | 49 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 59 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | ജൂൺ വരെ | ജൂലൈ | ആകെ |
|---|---|---|---|
| ജലസംരക്ഷണം പ്രവർത്തനങ്ങൾ | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 234 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 27,528 | 645 | 28,173 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 33853.8 | 832.8 | 34686.6 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3442 | 55 | 3497 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5061 | 46 | 5107 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 8680 | 155 | 8835 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 17392 | 163 | 17555 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 576 | 69 | 645 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 60367 | 1304 | 61671 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ | | | 562 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 253 | 26 | 279 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 214 | 1 | 215 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 1239.7 | 226.427 | 1466.127 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | |
| കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3366 | 77 | 3443 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 955.1 | 41.1 | 996.2 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | 7 | 1 | 8 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2349 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 605 | 46 | 651 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 66 |
| ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 119 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 15000 |
| പരിശോധന നടത്തിയ സ്ഥാപനങ്ങൾ | 14451 | 739 | 15190 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | 9974 | 386 | 10360 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 131 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2024 ജൂലൈ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

## 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 131 |
| നെറ്റ്സീറോ-അംഗൻജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്ഥാപനങ്ങൾ | 85 |
| മാതൃകാ നെറ്റ് സീറോ കാർബൺ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് റിപ്പയറിങ്ങിലും മെയിന്റിനൻസിലുമുള്ള പരിശീലനം. | 109 |
| ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം ലഭിച്ച അധ്യാപകർ. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 39 ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ 131 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിനുപുറമെ എറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെടുത്തി. ഇപ്പോൾ ആകെ 131 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ

കാമ്പയിനിൽ ഉൾപ്പെട്ടിട്ടുണ്ട്. കേരളത്തിലെ 12% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി നിലവിൽ തിരഞ്ഞെടുത്തിട്ടുണ്ട്. പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും നടന്നു വരുന്നു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 121 | 472 | 453 | 2098 | 3023 | 0 | 0 | 0 | 0 | 275 | 1595 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | |
| 189 | 421 | 549 | 918 | 1888 | 0 | 0 | 0 | 0 | 672 | 2216 |

- തിരുവനന്തപുരം ജില്ലയിൽ ഊർജ സംരക്ഷണ ക്ലാസ്സുകളും ഊർജ കാര്യക്ഷമത പരിശീലനങ്ങളും നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 11 പഞ്ചായത്തുകളിൽ സെപ്റ്റംബർ ആദ്യ വാരത്തോടെ കോർ ഗ്രൂപ്പ് രൂപീകരണവും മറ്റ് തുടർ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.
- തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം അംഗൻജ്യോതി ഊർജജ സംരക്ഷണ ഉപകരണങ്ങളുടെ വിതരോണാദ്ഘാടനം നടന്നു. 28 അംഗൻവാടികൾക്കുള്ള 6 ഇനം പാത്രങ്ങൾ അംഗൻവാടികൾക്ക് കൈമാറി.
- കൊല്ലം ജില്ലയിൽ ജൂലൈ മാസം നെടുമ്പന, കരീപ്ര, അലയമൺ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കോർഗ്രൂപ്പ് യോഗങ്ങളും ആക്ഷൻ പ്ലാൻ തയ്യാറാക്കിയതിനുള്ള ശിൽപ്പശാലയും സംഘടിപ്പിച്ചു. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെട്ട നെടുമ്പന ഗ്രാമപഞ്ചായത്തിലെ 23 വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളായും 13 സ്കൂളുകൾ ഹരിത വിദ്യാലയങ്ങളായും ജൂലൈ മാസം പ്രഖ്യാപിച്ചു. അലയമൺ ഗ്രാമപഞ്ചായത്തിലെ മാർത്തോമാ ITCയിൽ കുട്ടികളെയും അദ്ധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് അവയർനെസ്സ് ക്ലാസ്സ് സംഘടിപ്പിച്ചു.
- കൊല്ലം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനം തുടങ്ങിയിട്ടുള്ള തെന്മല ഗ്രാമപഞ്ചായത്തിനെ മാതൃക പഞ്ചായത്ത് എന്ന നിലയിലേക്ക് മാറ്റുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചയാത്ത് ഏറ്റെടുത്തിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ പ്രവർത്തനങ്ങളുടെ ഭാഗമായി ജൂലൈ മാസത്തിൽ വാർഡ് തല സംഘാടക സമിതി, കോർ ഗ്രൂപ്പ് രൂപീകകരണം കോർ ഗ്രൂപ്പ് യോഗം എന്നിവ നടന്നു. ജൂലൈ മുതൽ ഒക്ടോബർ വരെ വിവിധ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടത്താൻ തീരുമാനിച്ചു.
- പത്തനംതിട്ട ജില്ലയിൽ പറക്കോട് ബ്ലോക്കിൽ കടമ്പനാട് പഞ്ചായത്തിൽ തദ്ദേശസ്ഥാപനതല ശില്പശാല സംഘടിപ്പിച്ചു. നെറ്റ് സീറോ പഞ്ചായത്തുകളിൽ എല്ലായിടത്തും റൂഫ് ടോപ്പ് സർവ്വേ പൂർത്തീകരിച്ചു.
- ആലപ്പുഴ ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെട്ട വയലാർ ഗ്രാമപഞ്ചായത്തിൽ RKVY പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാശ്ശേരി, പുല്ലംചിറ ഭാഗത്തായുള്ള വിവിധ വാർഡിലെ പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തിയുടെ ഒന്നാംഘട്ട ഉദ്ഘാടനം ജൂലൈ മാസത്തിൽ നടന്നു.

- ആലപ്പുഴ ജില്ലയിലെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെട്ട പെരുമ്പളം ഗ്രാമപഞ്ചായത്തിൽ മാർക്കറ്റ് ജെട്ടി മുതൽ പെരുമ്പളം സ്കൂൾ റോഡ് ഉൾപ്പെടെ ഈസ്റ്റ് ജെട്ടി വരെ ഇരുവശങ്ങളിലും ആയി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു. എല്ലാ വാർഡുകളിലും ഓണക്കാല പച്ചക്കറി കൃഷി പ്രവർത്തനം ആരംഭിച്ചു. സൗത്ത് ജെട്ടി സമീപത്തെ വിശ്രമ സ്ഥലത്ത് പൂച്ചെടികൾ വെച്ചുപിടിപ്പിച്ച് നവീകരിച്ചു.
- ആലപ്പുഴ ജില്ലയിലെ വയലാർ, നീലംപേരൂർ, ദേവികുളങ്ങര ഗ്രാമപഞ്ചായത്തുകളിൽ സോളാർ ഫീസിബിലിറ്റി സർവ്വേ പൂർത്തിയായി. പെരുമ്പളം ഗ്രാമപഞ്ചായത്തിൽ സോളാർ ഫീസിബിലിറ്റി സർവ്വേ നടന്നുകൊണ്ടിരിക്കുന്നു.
- കോട്ടയം ജില്ലയിലെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെട്ട മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതല ശിൽപശാല സംഘടിപ്പിച്ചു. ജില്ലയിൽ തനതായി ഏറ്റെടുക്കാൻ പറ്റുന്ന പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച നടന്നു.
- ഇടുക്കി ജില്ലയിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിൽ അംഗൻജ്യോതി പദ്ധതിയുടെ ഉദ്ഘാടനം നടത്തി. ആദ്യ ഘട്ടം എന്ന നിലയിൽ പഞ്ചായത്തിലെ 12 അങ്കണവാടികൾക്കാണ് ഇൻഡക്ഷൻ കുക്കറുകൾ വിതരണം ചെയ്തത്. ഇതിനോടനുബന്ധിച്ച് അങ്കണവാടി പ്രവർത്തകർക്ക് നെറ്റ് സീറോ കാർബൺ പദ്ധതിയെക്കുറിച്ച് ബോധവൽക്കരണവും നൽകി.
- ഇടുക്കി ജില്ലയിൽ സേനാപതി പഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ശില്പശാല നടത്തിയതിൽ 40 പേർ പങ്കെടുത്തു. ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ WRIയുടെ ഭാഗമായുള്ള സർവ്വേ നടന്നു.
- എറണാകുളം ജില്ലയിൽ ആമ്പല്ലൂർ പഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും അവ നടപ്പിലാക്കാൻ ജനങ്ങളുടെ പിന്തുണയോടെ ചെയ്യേണ്ട പ്രവർത്തങ്ങളും വിവരിച്ചു നൽകുവാനായി നടപ്പിലാക്കുന്ന വീട്ടുമുറ്റ സദസ്സുകളുടെ ഉദ്ഘാടനം കാഞ്ഞിരമറ്റം സെന്റ്: ഇഗ്നേഷ്യസ് പാരിഷ് ഹാളിൽ നടന്നു. ഹരിതകർമ സേനയും സെന്റ്: ഇഗ്നേഷ്യസ് ഹയർ സെക്കൻഡറി വിദ്യാർത്ഥികളും പങ്കെടുത്തു. ആമ്പല്ലൂർ പഞ്ചായത്തു പ്രസിഡൻറ് അധ്യക്ഷത വഹിച്ച യോഗത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റി അഡ്വാൻസ് സെന്റർ ഫോർ അറ്റ്മോസ്ഫെറിക് റിസർച്ച് ഡയറക്ടർ ഡോക്ടർ അഭിലാഷ് ഉദ്ഘാടനം നിർവ്വഹിച്ചു ശേഷം ക്ലാസുകൾ നൽകി. ആമ്പല്ലൂർ പഞ്ചായത്തിൽ ആകെ 100 ക്ലാസുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്, ജൂലൈ മാസത്തിൽ 30 ക്ലാസുകൾ നടത്തി.
- നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിന്റെ ഭാഗമായി എർണാകുളം ജില്ലയിൽ ഹരിതകേരളം മിഷന്റെയും ജിഡയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഗോശ്രീദ്വീപുകളിലെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി കോർഗ്രൂപ്പ് അംഗങ്ങൾക്കായുള്ള ഏകദിനശില്പശാല സംഘടിപ്പിച്ചു. മുളവുകാട് ഗ്രാമപഞ്ചായത്തിൽ ജൂലൈ മാസത്തിൽ ആദ്യ യോഗവും, കോർ കമ്മിറ്റി രൂപികരണവും നടന്നു.
- ഗോശ്രീദ്വീപുകളിലെ ഞാറക്കൽ, മുളവുകാട്, നായരമ്പലം, കടമക്കുടി, പള്ളിപ്പുറം ,കുഴുപ്പള്ളി ,ഇടവനക്കാട്, ഇളംകുന്നപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സംഘാടക സമിതി രൂപീകരണ യോഗവും, കോർ കമ്മിറ്റി രൂപികരണവും ചേർന്നു. ഗോശ്രീ ദ്വീപുകൾക്ക് സമീപമുള്ള എല്ലാ സർക്കാർ ഓഫീസുകളും സോളാർ പാനലിലേക്ക് മാറ്റുവാനും, ജലാശയങ്ങൾ സംരക്ഷിക്കുക, മരങ്ങളും വനങ്ങളും സംരക്ഷിക്കുക, പുതിയ മരങ്ങൾ വച്ച് പിടിപ്പിക്കുക , കൃഷി-മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക, മാലിന്യ സംസ്കരണം കുറ്റമറ്റതാക്കുക , സിംഗിൾ യൂസ് പ്ലാസ്റ്റിക് ഒഴിവാക്കുക, ജലായശ ശുചീകരണം, ഹരിത ടൂറിസം നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിലൂടെ ഗോശ്രീ പഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് .
- തൃശ്ശൂർ ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി ജില്ലാതല കോർ ഗ്രൂപ്പ് യോഗം/ ശിൽപ്പശാലയും ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്നു. ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിന് കുടുംബങ്ങൾക്ക് സാങ്കേതിക

സഹായം ലഭ്യമാക്കുന്നതിനായി ഓരോ വാർഡിൽ നിന്നും രണ്ടുപേരെ വീതം തെരഞ്ഞെടുത്ത് പരിശീലനം നൽകൽ, പഞ്ചായത്ത് ഘടക സ്ഥാപനങ്ങളിലും അംഗനവാടികളിലും സോളാർ സംവിധാനം അനെർട്ട് മുഖേന സ്ഥാപിക്കൽ, ഇലക്ട്രിക്കൽ വയർമാൻമാർക്ക് വയറിങ് ആധുനിക രീതി പരിചയപ്പെടുത്തുക കന്നുകാലികൾ വളർത്തുന്നവർക്ക് ആവശ്യമായ സൈലേജ് സംവിധാനം ഒരുക്കൽ എന്നീ പ്രവർത്തനങ്ങൾ കാർബൺ ഉദ്വമനം കുറയ്ക്കുന്നതിനായി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു.

- പാലക്കാട് ജില്ലയിൽ പൊൽപ്പുള്ളി, കേരളശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നെറ്റ് സീറോ ക്യാമ്പയിന്റെ ഭാഗമായി അർദ്ധദിന ശിൽപശാല ജൂലൈ മാസത്തിൽ സംഘടിപ്പിച്ചു. നിലവിൽ 5 ഗ്രാമപഞ്ചായത്തുകളിൽ ശിൽപശാല നടത്തി. ബാക്കിയുള്ള അകത്തേത്തറ, വെള്ളിനേഴി ഗ്രാമപഞ്ചായത്തുകളിൽ ആഗസ്റ്റ് മാസത്തിൽ ശിൽപശാല നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നെറ്റ് സീറോ കാർബൺ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണ രംഗത്തും ജല സംരക്ഷണ മേഖലയിലും അനുവർത്തിക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.
- പാലക്കാട് ജില്ലയിൽ കോർ കമ്മിറ്റിയുടെ സഹായത്തോടു കൂടി ഒരു കർമ്മപദ്ധതി നെറ്റ് സീറോ പഞ്ചായത്തുകളിൽ തയ്യാറാക്കി വരുന്നു. ആക്ഷൻ പ്ലാനിന്റെ ഭാഗമായുള്ള ബോധവൽകരണ ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കും. കൂടാതെ പുതിയ പദ്ധതികൾ നടപ്പ് വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപെടുത്തുന്ന പ്രവർത്തനവും നടന്നു വരുന്നുണ്ട്.
- മലപ്പുറം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി തിരഞ്ഞെടുത്ത അഞ്ച് തദ്ദേശസ്ഥാപനങ്ങൾക്ക കീഴിലുള്ള ഓഫീസുകളിൽ ഹരിതോർജ ഫിസിബിലിറ്റി സർവേ ജൂൺ - ജൂലൈ മാസം നടത്തിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ ക്യാമ്പയിനിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന്, നഗരസഭയിലെ പ്രധാന സഹകരണ സ്ഥാപനമായ നടക്കുതാഴ സർവ്വീസ് സഹകരണ ബാങ്കിൽ വിശദീകരണം നടത്തി. തുടർന്ന്, നഗരസഭയ്ക്ക് 5 സൈക്കിളുകൾ സംഭാവന ചെയ്യാൻ ബാങ്ക് തീരുമാനിച്ചു. പച്ചത്തുരുത്ത്, ഹരിതസ്ഥാപനം തുടങ്ങിയ പദ്ധതികളിൽ ബാങ്കിന്റെ സഹകരണം ഉറപ്പാക്കുകയും ചെയ്തു. ബാങ്കിന്റെ എല്ലാ ശാഖകളും ഹരിതസ്ഥാപനമാക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിൽ അംഗൻ ജ്യോതി പദ്ധതിയുടെ ഭാഗമായുള്ള പാത്രങ്ങളുടെ വിതരണവും അംഗൻവാടി ജീവനക്കാർക്ക് നെറ്റ് സീറോ - ഊർജ ഉപയോഗത്തെ പറ്റിയുള്ള ക്ലാസും നൽകി.
- കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് മാസം നഗരസഭാതല കോർകമ്മിറ്റി ചേർന്ന് ആക്ഷൻ പ്ലാൻ അന്തിമരൂപം നൽകി.
- കോഴിക്കോട് ജില്ലയിൽ ജൂലൈ മാസം ഗതാഗത മേഖലയിലെ ഊർജ സംരക്ഷണ ക്യാമ്പയിന് തുടക്കമിട്ടുകൊണ്ട് നഗരസഭാ കൗൺസിലർമാരുടെ നേതൃത്വത്തിൽ സൈക്കിൾ റാലി നടന്നു. റാലി സമാപിച്ച പുതിയ ബസ് സ്റ്റാൻഡിൽ പൊതുജനങ്ങൾക്കും ബസ് ജീവനക്കാർക്കുമായി ഗതാഗത മേഖലയിലെ ഊർജസംരക്ഷണവുമായി ബന്ധപ്പെട്ട് വിശദീകരണവും നടത്തി. സമാപനം നഗരസഭാ ചെയർപേഴ്സൺ ഉദ്ഘാടനം ചെയ്തു.
- കോഴിക്കോട് ജില്ലയിൽ സമ്പൂർണ ഹരിത അയൽക്കൂട്ട വാർഡാക്കി പ്രഖ്യാപിച്ച വടകര നഗരസഭ വാർഡ് 29 നെറ്റ് സീറോ വാർഡ് പ്രവർത്തനം തുടക്കം കുറിച്ചു. വാർഡിലെ വിവിധ മേഖലയെ പ്രതിനിധീകരിച്ചുകൊണ്ടുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ യോഗം ആഗസ്റ്റ് മാസം നടത്താൻ തീരുമാനിച്ചു. നിലവിൽ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിൽ പ്രോജക്ട് റിവിഷന്റെ ഭാഗമായി നഗരസഭയിൽ നെറ്റ് സീറോ ക്യാമ്പയിനായി നീക്കി വച്ച 2 ലക്ഷം രൂപയിൽ ഒരു ലക്ഷം കൂടി വർധിപ്പിച്ച് വക്കാനും ഹരിതസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി അംഗൻവാടികളിൽ മാലിന്യസംസ്കരണ ഉപാധികൾ നടപ്പിലാക്കാൻ പ്രൊജക്ട് വക്കാനും തീരുമാനിച്ചു. നഗരസഭയിലെ മാലിന്യമുക്തം നവകേരളം ശില്പശാലയിൽ KSWMP പ്രോജക്ട് വഴി ബയോമൈനിംഗ് ചെയ്യുന്ന സ്ഥലത്ത് പച്ചത്തുരുത്തും ഒരു ബയോപാർക്കും നെറ്റ് സീറോ ക്യാമ്പയിൻ ഭാഗമായി സ്ഥാപിക്കുമെന്ന്

നഗരസഭാ ചെയർപേഴ്സൺ പ്രഖ്യാപിച്ചു.

❖ ഹരിത കലാലയമായി തെരഞ്ഞെടുത്ത കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എജ്യുക്കേഷൻ സെന്ററിലെ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി നെറ്റ് സീറോ ക്യാമ്പയിൻ ക്ലാസുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.
❖ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ പ്രവർത്തനങ്ങളുടെ കാർബൺ എമിഷൻ സർവ്വേ പരിശീലനം മേപ്പയ്യൂർ ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് നൽകുകയും സർക്കാർ സ്ഥാപനങ്ങളിലെ സർവ്വേ പൂർത്തീകരിക്കുകയും ചെയ്തു.
❖ നെറ്റ് സീറോ ക്യാമ്പയിൻ ഏറ്റവും താഴെ തട്ടിലെ ജനങ്ങൾക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ഗ്രാമസഭകളിലും ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഇന്റേൺഷിപ്പ് ട്രെയിനിമാർ, പഞ്ചായത്ത് കോർകമ്മിറ്റി അംഗം എന്നിവരുടെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ ക്യാമ്പയിനെ പറ്റി വിശദീകരണം നടത്തി. 17 വാർഡുകളിലായി 2534 ജനങ്ങൾ ഗ്രാമസഭകളിൽ പങ്കെടുത്തു. മണിയൂർ ഗ്രാമപഞ്ചായത്തിൽ ശില്പശാലയ്ക്ക് തുടർച്ചയായി പഞ്ചായത്ത് തല കോർകമ്മിറ്റി യോഗം ചേർന്നു. കുന്നമ്മൽ ബ്ലോക്കിലെ കാവിലുംപാറ, കുറ്റ്യാടി, കുന്നമ്മൽ പഞ്ചായത്തുകളിൽ റിപ്പോർട്ട് മാസത്തിൽ നെറ്റ് സീറോ ശില്പശാല നടന്ന് കലണ്ടർ തയ്യാറാക്കി. പുതുതായി നെറ്റ് സീറോ ഏറ്റെടുത്ത പഞ്ചായത്തായ പെരുമണ്ണ പഞ്ചായത്തിൽ ജൂലൈ മാസം നെറ്റ് സീറോ ശില്പശാല നടന്നു. മേപ്പയ്യൂർ പഞ്ചായത്ത് മാതൃകയിൽ എല്ലാ ഗ്രാമസഭകളിലും നെറ്റ് സീറോ സംബന്ധിച്ച് അവതരണം നടത്താൻ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ തീരുമാനിച്ചു.
❖ വയനാട് ജില്ലയിൽ കോട്ടത്തറ, തിരുനെല്ലി ഗ്രാമപഞ്ചായത്തുകളിൽ ജൂലൈ മാസത്തിൽ ശില്പശാല സംഘടിപ്പിച്ചു. ജില്ലയിൽ നെറ്റ് സീറോ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ശില്പശാല നടത്തി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. മുൻഗണന അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കും.
❖ കണ്ണൂർ ജില്ലയിലാണ് നെറ്റ് സീറോ കാർബൺ പ്രവർത്തങ്ങളുടെ ഭാഗമായുള്ള ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ ഏറ്റവും അധികം നടന്നിട്ടുള്ളത്. ജില്ലയിൽ ആകെ നടന്ന ഊർജ്ജ സംരക്ഷണ ക്ലാസ്സുകളുടെ എണ്ണം 1281 ആകെ പങ്കാളിത്തം 28,204.
❖ കണ്ണൂർ ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിന്റെ ഭാഗമായി LED ബൾബ് റിപ്പയറിംഗ് പരിശീലനം പൂർത്തിയാക്കിയ ഹരിത കർമ്മ സേന അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ജില്ലാ കളക്ടർ നിർവഹിച്ചു. ഹരിത കേരളം മിഷനും ഗവ ITI തോട്ടടയും ചേർന്നാണ് ത്രിദിന പരിശീലനങ്ങൾ സംഘടിപ്പിച്ചത് ജില്ലയിലെ തിരഞ്ഞെടുത്ത 13 ഗ്രാമപഞ്ചായത്തുകളിലെ 40 ഹരിതകർമ സേനാംഗങ്ങൾക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകിയത്. മാലിന്യ നിർമാർജനം നടപ്പിലാക്കുന്നതിനായി ജില്ലാതല ചർച്ചകളിൽ നിന്നാണ് എൽഇഡി ബൾബുകൾ നന്നാക്കുക എന്ന ആശയം ഉരുത്തിരിഞ്ഞത്. വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള തിരഞ്ഞെടുത്ത ഹരിത കർമ്മ സേനാംഗങ്ങൾക്കാണ് പരിശീലനം നൽകിയത്. സാങ്കേതിക നേതൃത്വം നല്കിയത് കണ്ണൂർ ഗവ. ഐ.ടി.ഐ യിലെ ഇലക്ട്രോണിക്സ് വിഭാഗമാണ് നിർവ്വഹിച്ചത്.
❖ കാസർഗോഡ് ജില്ലയിലെ നെറ്റ് സീറോ കാർബൺ ജില്ലാ കോർഗ്രൂപ്പ് യോഗം ജൂലൈ മാസത്തിൽ ജില്ലാ പഞ്ചയാത്ത് ഹാളിൽ വെച്ച് നടന്നു. കൃത്യമായ പ്രവർത്തന കലണ്ടർ അനുസരിച്ചാണ് പരിപാടികൾ ഏകോപിപ്പിക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രൊജക്ടിന്റെ ഭാഗമായി കോർഗ്രൂപ്പ് യോഗങ്ങൾ ചേരുകയും, പച്ചത്തുരുത്ത് ശില്പശാലകൾ ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ചേർന്നു.
❖ കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ, വലിയപറമ്പ, പുത്തിഗെ, പുല്ലൂർ പെരിയ എന്നിവിടങ്ങളിൽ പഞ്ചായത്ത്തല കോർഗ്രൂപ്പ് യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
❖ ഗതാഗത മേഖലയിലെ ഊർജ്ജസംരക്ഷണം ക്ലാസ് കാസർഗോഡ് ജില്ലയിൽ ആരംഭിച്ചു.

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ ചെറുവത്തൂർ സ്റ്റാന്റിലെ ടാക്സി ഡ്രൈവർമ്മാർക്കാണ് ക്ലാസുകൾ നൽകിയത്. ഹരിതകേരളം മിഷൻ ആർ പിയാണ് ക്ലാസ് കൈകാര്യം ചെയ്തത്. 100 ഓളോം പേർ ക്ലാസിൽ പങ്കെടുത്തു.

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

**ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി**
**(2021ഏപ്രിൽ മുതൽ 2024 ജൂലൈ മാസം വരെ)**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 4980.56 | 561 | 443 | 763 | 3066 | 94 | 13858 |
| കൊല്ലം | 4112.02 | 190 | 438 | 672 | 3360 | 8 | 14647 |
| പത്തനംതിട്ട | 1435.98 | 169 | 199 | 555 | 892 | 27 | 4120 |
| ആലപ്പുഴ | 1454.95 | 67 | 47 | 199 | 255 | 18 | 287 |
| കോട്ടയം | 1348.89 | 56 | 250 | 425 | 553 | 18 | 1879 |
| ഇടുക്കി | 1461.68 | 197 | 208 | 276 | 308 | 45 | 1415 |
| എറണാകുളം | 2597.20 | 170 | 287 | 821 | 511 | 22 | 1 |
| തൃശൂർ | 1691.91 | 135 | 129 | 359 | 1006 | 11 | 40 |
| പാലക്കാട് | 5955.96 | 734 | 835 | 577 | 1461 | 16 | 9076 |
| മലപ്പുറം | 1496.27 | 278 | 445 | 162 | 1917 | 70 | 1012 |
| കോഴിക്കോട് | 1874.83 | 203 | 170 | 388 | 1012 | 45 | 237 |
| വയനാട് | 1971.39 | 86 | 749 | 102 | 360 | 94 | 1819 |
| കണ്ണൂർ | 2556.88 | 494 | 488 | 2741 | 1494 | 109 | 10629 |
| കാസർഗോഡ് | 1748.22 | 157 | 419 | 795 | 1360 | 68 | 2651 |
| ആകെ | 34686.72 | 3497 | 5107 | 8835 | 17555 | 645 | 61671 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയെ വിനിയോഗിച്ചും 2021 ഏപ്രിൽ മുതൽ 2024 ജൂലൈ വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 34686.72 കിലോമീറ്റർ നീർച്ചാലുകളും 3497 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 80422.72 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5107 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 645 സ്ഥിരം തടയണകളും 61671 താൽക്കാലിക തടയണകളും നിർമ്മിച്ചു. പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8835 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 17555

കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3360 എണ്ണം), തിരുവനന്തപുരം (3066 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2741).

ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ജൂലൈ മാസത്തിൽ 832.812 കിലോമീറ്റർ നീർച്ചാലുകളും 55 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 46 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജൂലൈ മാസത്തിൽ 155 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 163 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി ജൂലൈ മാസത്തിൽ 69 സ്ഥിരം തടയണകളും 1304 താൽക്കാലിക തടയണകളും നിർമ്മിച്ചു.

പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപ്പെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ 2023-ൽ ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത് കൂടാതെ നാളിതുവരെ 185 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. ആകെ 279 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൂലൈ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

377 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 656 ഗ്രാമ പഞ്ചായത്തുകളിലും (63.44%) ജല ബജറ്റ് തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

| ജല ബജറ്റ് - രണ്ടാം ഘട്ടം തിരഞ്ഞെടുത്തത് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിവര ശേഖരണം പൂർത്തിയായത് | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 65 | 15 | 0 |
| കൊല്ലം | 47 | 31 | 27 |
| പത്തനംതിട്ട | 10 | 10 | 0 |
| ആലപ്പുഴ | 11 | 11 | 0 |
| കോട്ടയം | 63 | 23 | 1 |
| ഇടുക്കി | 23 | 14 | 7 |
| എറണാകുളം | 31 | 13 | 5 |
| തൃശ്ശൂർ | 27 | 12 | 2 |
| പാലക്കാട് | 42 | 37 | 16 |
| മലപ്പുറം | 87 | 30 | 0 |
| കോഴിക്കോട് | 67 | 67 | 58 |
| വയനാട് | 21 | 21 | 18 |
| കണ്ണൂർ | 32 | 32 | 19 |
| കാസർഗോഡ് | 36 | 36 | 32 |
| ആകെ | 562 | 352 | 185 |

കേരളത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ആരംഭിച്ചിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള

പ്രവർത്തനമാണ് നടന്നു വരുന്നത്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. ഇത് നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ച യോഗങ്ങൾ കൂടിയിട്ടുണ്ട്.

### 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

- ❖ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, നേമം ബ്ലോക്കുകളിൽ പഞ്ചായത്തുതല സാങ്കേതിക സമിതി യോഗം ചേർന്നു. നേമം, പോത്തൻകോട്, വർക്കല. നെടുമങ്ങാട് എന്നീ ബ്ലോക്ക് പഞ്ചായത്തിൽ വെച്ച് ജല ബഡ്ജറ്റ് ബ്ലോക്ക്തല സാങ്കേതിക സമിതിയോഗങ്ങൾ നടന്നിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ ജല ദൗർലഭ്യമുള്ള സെമിക്രിറ്റിക്കൽ മേഖലയിൽ ഉൾപ്പെട്ട ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളെ കൂടി ജലബജറ്റ് തയ്യാറാക്കുന്നതിനായി പുതിയതായി തിരഞ്ഞെടുത്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലും ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് പ്രകാശനം പൂർത്തീകരിച്ചു. ഇതോടെ ആദ്യഘട്ടത്തിൽ ഏറ്റെടുത്ത 27 തദ്ദേശ സ്ഥാപനങ്ങളിലെയും പ്രകാശനം ജില്ലയിൽ പൂർത്തീകരിച്ചു, കൂടാതെ തെന്മല ഗ്രാമപഞ്ചായത്തിൽ കരട് റിപ്പോർട്ട് അവതരണം പൂർത്തീകരിച്ചു.
- ❖ കൊല്ലം ജില്ലയിൽ ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് ക്യാമ്പയിന്റെ ഭാഗമായി കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്തുകളുടെ യോഗം ജൂലൈ മാസത്തിൽ അതാത് ബ്ലോക്ക് പഞ്ചായത്തുകളിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ചേർന്നു. യോഗത്തിൽ മുൻഗണന അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തുകളിലും ഏറ്റെടുക്കേണ്ടുന്ന പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിച്ചു. കൊട്ടാരക്കര നിയോജക മണ്ഡലം സമഗ്ര വികസനത്തിൻറെ ഭാഗമായി ജലബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഡി.പി.ആറിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ 9 പഞ്ചായത്തുകളിലും ജലബജറ്റ് പൂർത്തിയായി. സീതത്തോട് ഗ്രാമപഞ്ചാത്തിലെ ഗുണമേന്മാ പരിശോധന പൂർത്തീകരിച്ച് ലഭ്യമായിട്ടില്ല.
- ❖ ആലപ്പുഴ ജില്ലയിൽ 11 പഞ്ചായത്തുകളിലെയും കരട് റിപ്പോർട്ട് തയ്യാറാക്കികൊണ്ടിരിക്കുന്നു ഭരണിക്കാവ്, വള്ളികുന്നം ചുനക്കര, എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രകാശനം ഓഗസ്റ്റ് 10 നകം, ശേഷിക്കുന്നവ 24 നകവും പ്രകാശനം ചെയ്യും.
- ❖ കോട്ടയം ജില്ലയിൽ രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പള്ളം ബ്ലോക്കിലെ ജലബജറ്റ് ഡാറ്റ കളക്ഷൻ പൂർത്തിയായി സംസ്ഥാന ഓഫീസിലേക്ക് നൽകി.ബാക്കി എല്ലായിടത്തും ഡാറ്റാ കളക്ഷൻ പുരോഗമിക്കുന്നു. ജൂലൈ മാസം അവതരണങ്ങൾ നടന്നിട്ടില്ല. ആഗസ്റ്റ് മാസത്തോടെ ഡാറ്റാ കളക്ഷൻ മുഴുവൻ പൂർത്തീകരിക്കും.
- ❖ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും സാങ്കേതിക സമിതികൾ പൂർത്തീകരിച്ചു. നെടുങ്കണ്ടം, കരുണാപുരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവരശേഖരണം പൂർത്തീകരിച്ചു ബാക്കി 5 പഞ്ചായത്തുകളിൽ വിവരശേഖരണം നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ പുതിയതായി അഴുത, ദേവികുളം, തൊടുപുഴ, ഇളംദേശം എന്നീ ബ്ലോക്കുകളിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്ത വീതം 4 പഞ്ചായത്തുകൾ ജല ബജറ്റിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. 4 ഗ്രാമപഞ്ചായത്തുകളിലും സാങ്കേതിക സമിതികൾ പൂർത്തീകരിച്ചു. 4 പഞ്ചായത്തുകളിൽ വിവരശേഖരണം നടന്നു വരുന്നു. ജൂലൈ മാസത്തിൽ കട്ടപ്പന ബ്ലോക്ക് തല ജല ബജറ്റ് പ്രകാശനവും, ഇരട്ടയാർ ഗ്രാമപഞ്ചായത് പ്രകാശനവും നടത്തി.
- ❖ എറണാകുളം ജില്ലയിൽ ജല ബജറ്റ് പഞ്ചായത്ത് തല സാങ്കേതിക സമിതി യോഗം ജൂലൈ

മാസത്തിൽ 5 ഗ്രാമ പഞ്ചായത്തുകളിൽ നടന്നു. പുതുതായി ജലബജറ്റ് ഏറ്റെടുത്തിരിക്കുന്ന പഞ്ചായത്തുകളിലെ വിവരശേഖരണം നടന്നുവരുന്നു.

- ❖ തൃശ്ശൂർ ജില്ലയിൽ മതിലകം ബ്ലോക്കിലെ എടത്തിരുത്തി, കൈപമംഗലം പഞ്ചായത്തുകളിലെ റിപോർട്ട് അവതരണം കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ നടന്നു.
- ❖ പാലക്കാട് ജില്ലയിൽ സെമിക്രിട്ടിക്കൽ സോണിലുള്ള പട്ടാമ്പി ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളുടെ ജലബജറ്റ് പ്രവർത്തനം ആരംഭിച്ചു. 2024 ജൂലൈ മാസത്തിൽ പട്ടാമ്പി ബ്ലോക്ക് തല ജലബജറ്റ് കൺവെൻഷൻ സംഘടിപ്പിക്കുകയും 6 ഗ്രാമപഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്ത് തല സാങ്കേതിക സമിതി യോഗം സംഘടിപ്പിക്കുകയും ചെയ്തു. ജൂലൈ മാസത്തിൽ 6 ഗ്രാമപഞ്ചായത്തുകളിലും പ്രാഥമിക വിവരശേഖരണം പൂർത്തീകരിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ക്രിട്ടിക്കൽ സോണിലുള്ള മലമ്പുഴ ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളുടെ ജലബജറ്റ് പ്രവർത്തനം ആരംഭിച്ചു. 2024 ജൂലൈ മാസത്തിൽ മലമ്പുഴ ബ്ലോക്ക് തല ജലബജറ്റ് കൺവെൻഷൻ സംഘടിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ കുഴൽമന്ദം ബ്ലോക്കിന്റെയും ബ്ലോക്ക് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റ് റിപ്പോർട്ട് പ്രകാശനം 2024 ആഗസ്റ്റ് മാസം എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.ബി.രാജേഷ് നിർവ്വഹിക്കുന്നതാണ്.
- ❖ മലപ്പുറം ജില്ലയിൽ പൊന്നാനി ബ്ലോക്കിലെ ജലബജറ്റ് പ്രസിദ്ധീകരണം ആഗസ്റ്റ് മാസത്തിൽ ബഹു. തവനൂർ MLA ഡോ.കെ ടി ജലീൽ നിർവഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പെരുമ്പടപ്പ് ബ്ലോക്കിലെ ജലബജറ്റ് പ്രസിദ്ധീകരണം ആഗസ്റ്റ് മാസം നടത്തുന്നതാണ്.
- ❖ കോഴിക്കോട് ജില്ലയിൽ ജൂലൈ മാസം കുന്നുമ്മൽ, പന്തലായനി ബ്ലോക്ക് ജലബജറ്റുകൾ പ്രകാശനം നടത്തുകയും ബാലുശ്ശേരി ബ്ലോക്ക്, കൂരാച്ചുണ്ട്, പേരാമ്പ്ര, നൊച്ചാട്, മരുതോങ്കര, കാവിലുംപാറ, ഓമശ്ശേരി എന്നിവടങ്ങളിൽ ജലബജറ്റ് നടത്തി റിപ്പോർട്ട് അവതരണം നടത്തുകയും ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് പ്രകാശനം ബാക്കിയുള്ള പേരാമ്പ്ര, തൂണേരി, ബാലുശ്ശേരി, കൊടുവള്ളി ബ്ലോക്കുകളിൽ റിപ്പോർട്ട് അന്തിമഘട്ടത്തിലാണ് ജലസഭയിൽ അവതരണം നടത്തി ആഗസ്റ്റ് മാസം കോർപ്പറേഷൻ ഒഴികെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ് പൂർത്തീകരിക്കും. ആയതിനു ശേഷം കോർപ്പറേഷൻ ജലബജറ്റ് ഏറ്റെടുക്കാനുള്ള ക്രമീകരണങ്ങൾ നടത്തി ജില്ലയിൽ ജലബജറ്റ് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പൂർത്തിയാക്കും.
- ❖ കോഴിക്കോട് ജില്ലയിൽ ജലബജറ്റ് പൂർത്തീകരിച്ച കോഴിക്കോട് ബ്ലോക്കിൽ 1.06 കോടി ചെലവഴിച്ച് നവീകരണം നടത്തിയ പൂളേങ്കര ചാലി – മണക്കടവ് തോട് പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്. മണിയൂർ ഗ്രാമപഞ്ചായത്തിൽ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി നവോദയയിൽ ജലസംഭരണി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ വയനാട് ജില്ലയിലെ ആകെയുള്ള 26 തദ്ദേശ സ്ഥാപനങ്ങളിൽ 23 തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ് പൂർത്തീകരിച്ച് പ്രകാശനം നടത്തി. ബാക്കിയുള്ള 3 മുനിസിപ്പാലിറ്റികളായ കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലെ ജലബജറ്റ് പൂർത്തിയായി. മുനിസിപ്പാലിറ്റികളിൽ നിന്നും തീയതി ലഭിക്കുന്നതിനനുസരിച്ച് പ്രസിദ്ധീകരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ വയനാട് ജില്ലയിലെ ജലബജറ്റ് തുടർപ്രവർത്തനങ്ങളുടെ ഭാഗമായി സുൽത്താൻ ബത്തേരി ബ്ലോക്കിൽ ജലനയം ആവിഷ്കരിക്കാൻ ഉദ്യോഗസ്ഥ-ജനപ്രതിനിധി യോഗം ആഗസ്റ്റ് മാസത്തിൽ ചേരാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ 7 ഗ്രാമ പഞ്ചായത്തുകളിൽ 2024 ജൂലൈ മാസം ജലബജറ്റ് പ്രകാശനം നടന്നു. ശേഷിക്കുന്ന 13 പഞ്ചായത്തുകളിലും റിപ്പോർട്ട് അപ്രൂവൽ ലഭിച്ചിട്ടുണ്ട്. 2024 ആഗസ്റ്റ് മാസം ജലബജറ്റ് പ്രകാശനം പൂർത്തീകരിക്കുന്നതാണ്.

- കാസർഗോഡ് ജില്ലയിൽ ജില്ലാ സാങ്കേതിക സമിതി യോഗം ജൂലൈ മാസത്തിൽ ചേർന്നു. ഭൂജലവിനിയോഗത്തിൽ ക്രിട്ടിക്കൽ ബ്ലോക്കായ കാസറഗോഡിന് സവിശേഷ പ്രാധാന്യം നൽകി പദ്ധതികൾ തയ്യാറാക്കാൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, മണ്ണ് ജലസംരക്ഷണവകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികളോടൊപ്പം ഏകോപിപ്പിക്കുന്നതിന് യോഗത്തിൽ തീരുമാനിച്ചു. ഓരോ തലത്തിലും ജലസഭകൾ ചേർന്ന് തുടർ നടപടികൾ ഉൾപ്പെടുന്ന ജലസുരക്ഷപ്ലാനും അംഗീകരിച്ചിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിൽ ജൂലൈ മാസം നീലേശ്വരം നഗരസഭ, പരപ്പ ബ്ലോക്ക് പഞ്ചായത്ത്, മുളിയാർ എന്നിവിടങ്ങളിൽ ജലബജറ്റ് പ്രകാശനം നടന്നു. കാസർഗോഡ്, മഞ്ചേശ്വരം, കാറഡുക്ക ബ്ലോക്ക് തല റിപ്പോർട്ട് പ്രവർത്തനം നടന്നു വരുന്നു.
- കാസർഗോഡ് ജില്ലയിൽ ജില്ലാ കളക്ടറുടെ ചേമ്പറിൽ ജലശക്തി അഭിയാൻ യോഗം നടത്തുകയും, പ്രധാനമായും ജലബജറ്റ്, ജലസുരക്ഷ പ്ലാൻ പ്രവർത്തനപുരോഗതിയും ജലസംരക്ഷണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തുകയും ചെയ്തു.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 157 | 897 | 1322 | 486 | 2705 | 5 | 118 | 13 | 133 | 783 | 848 |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമ ഘട്ടം "എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്ത ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമ ഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI)യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 214 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ജൂലൈ 2024

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 150 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ടം ഗ്രാമപഞ്ചായത്ത്തല അവതരണം 150 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 102 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ

ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

## സുരക്ഷിതമാക്കാം പശ്ചിമഘട്ടം – പ്രവർത്തന പുരോഗതി

| | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ജൂലൈ മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 30.8 | 354.186 |
| പത്തനംതിട്ട | 16 | 16 | 16 | 7 | 5 | 0 | 29.78 |
| കോട്ടയം | 32 | 32 | 32 | 28 | 0 | 5 | 57.5 |
| ഇടുക്കി | 49 | 34 | 26 | 0 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 14 | 13 | 48 | 125 |
| പാലക്കാട് | 51 | 51 | 51 | 40 | 32 | 125.41 | 718.111 |
| കോഴിക്കോട് | 14 | 14 | 14 | 14 | 1 | 0.9 | 2.15 |
| വയനാട് | 26 | 26 | 26 | 22 | 26 | 3.9 | 63.3 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 12.4 | 116.1 |
| ആകെ | 230 | 215 | 207 | 150 | 102 | 226.41 | 1466.127 |

- മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ജൂലൈ മാസം 226.41 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 102 ഗ്രാമപഞ്ചായത്തുകളിലായി 1466.127 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- പാലക്കാട് (125.41 km), എറണാകുളം (48 km) കൊല്ലം (30.8 km), കണ്ണൂർ (12.4 km), കോട്ടയം (5 km), വയനാട് (3.9 km) കോഴിക്കോട് (0.9 km) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ജൂലൈ മാസത്തിൽ നടന്നത്.

| മാപത്തോൺ – ജൂലൈ മാസം | | | | |
|---|---|---|---|---|
| മാപത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | | | |
| | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ച തോട് / നീർച്ചാലിന്റെ നീളം (കിമീ) |
| 230 | 214 | 204 | 138 | 226.427 |

- കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലും നീർച്ചാലുകൾ വീണ്ടെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു. ജൂലൈ മാസം 226.427 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 1466.127 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- പാലക്കാട് ജില്ലയിൽ മാപത്തോൺ പ്രവർത്തനത്തിനായി തിരഞ്ഞെടുത്ത 51 തദ്ദേശ സ്വയം ഭരണ ഭരണ സ്ഥാപനങ്ങളിലും ഫീൽഡ് പ്രവർത്തനം പൂർത്തീകരിച്ച് പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി പ്രകാശനം ചെയ്തു. മാപത്തോൺ രണ്ടാം ഘട്ടം – ഗ്രാമപഞ്ചായത്ത്തല

അവതരണം 40 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചു. 1 ഗ്രാമപഞ്ചായത്തുകളിൽ ജൂലൈ മാസത്തിൽ മാപ്പത്തോൺ അവതരണം നടന്നു.

❖ വയനാട് ജില്ലയിൽ തവിഞ്ഞാൽ, നെന്മേനി, മേപ്പാടി, അമ്പലവയൽ, എടവക, തവിഞ്ഞാൽ, നൂൽപ്പുഴ, കോട്ടത്തറ, വെങ്ങപ്പള്ളി, പനമരം ഗ്രാമപഞ്ചായത്തുകളിലും സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലും മാപ്പത്തോൺ അവതരണം നടന്നു.

| മാപ്പത്തോൺ ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 30 | 212 | 114 | 55 | 381 | 0 | 0 | 0 | 0 | 87 | 312 |

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവു മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു.

| നീരുറവ് പ്രവർത്തന പുരോഗതി - ജൂലൈ മാസം | | | | | |
|---|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | നീരുറവ് പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 8 | 271 | 232 | 85.61% |
| കൊല്ലം | 12 | 12 | 11801 | 11801 | 100.00% |
| പത്തനംതിട്ട | 23 | 23 | 1651 | 447 | 27.07% |
| ആലപ്പുഴ | 5 | 5 | 137 | 77 | 56.20% |
| കോട്ടയം | 36 | 36 | 1330 | 1330 | 100.00% |
| ഇടുക്കി | 47 | 47 | 1227 | 760 | 61.94% |
| എറണാകുളം | 34 | 34 | 2083 | 1522 | 73.07% |
| തൃശ്ശൂർ | 8 | 8 | 124 | 105 | 84.68% |
| പാലക്കാട് | 66 | 66 | 7004 | 7004 | 100.00% |
| മലപ്പുറം | 7 | 7 | 242 | 204 | 84.30% |
| കോഴിക്കോട് | 24 | 24 | 768 | 377 | 49.09% |
| വയനാട് | 26 | 26 | 620 | 606 | 97.74% |
| കണ്ണൂർ | 23 | 23 | 2106 | 2106 | 100.00% |
| കാസർഗോഡ് | 5 | 5 | 450 | 445 | 98.89% |
| ആകെ | 324 | 324 | 29814 | 27016 | 90.62% |

❖ ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക്

ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു. ഫീൽഡുതല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ചിരുന്നു.

❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 324 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

❖ ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന 312 തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെ നീരുറവിന്റെ പ്രവർത്തന പുരോഗതി മിഷൻ വിലയിരുത്തുന്നുണ്ട്

❖ സംസ്ഥാനത്തെ 312 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 29814 നീരുറവ്വ പ്രവർത്തനങ്ങളിൽ 27016 പ്രവർത്തനങ്ങൾ (90.62%) പൂർത്തീകരിച്ചു.

❖ നീരുവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു പൂർത്തീകരിച്ചത് കൊല്ലം ജില്ലയാണ്. കൊല്ലം ജില്ലയിൽ ഏറ്റടുത്ത 11801 പ്രവർത്തനങ്ങളും പൂർത്തീകരിച്ചു.

❖ പാലക്കാട് ഏറ്റടുത്ത 7004 പ്രവർത്തനങ്ങളിൽ 7004 എണ്ണവും, കണ്ണൂർ ജില്ലയിൽ 2106 പ്രവർത്തനങ്ങളിൽ 2106 എണ്ണവും, കോട്ടയം ജില്ലയിൽ 1301 പ്രവർത്തനങ്ങളിൽ 1301 എണ്ണവും പൂർത്തീകരിച്ചു.

❖ എറണാകുളം ജില്ലയിലും (2083), പത്തനംതിട്ട ജില്ലയിലും (1651), ഇടുക്കി ജില്ലയിലും (1227) കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റടുത്തിട്ടുണ്ട്.

❖ തിരുവനന്തപുരം ജില്ലയിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി 167 നീർച്ചാലുകൾ (154.34 കി.മീ) പുനരുജ്ജീവിച്ചു. ഇതോടൊപ്പം 10 കുളങ്ങളും 45 കിണറുകളും. 7 സ്ഥിരം തടയണകൾ,471 താൽക്കാലിക തടയണകൾ എന്നിവ തന്മാസം നിർമിച്ചിട്ടുണ്ട്.

❖ ആലപ്പുഴ ജില്ലയിൽ ജൂലൈ മാസത്തിൽ 28.62 കി.മീ നീളത്തിൽ 71 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 19 പുതിയ കുളങ്ങളും 239 താൽക്കാലിക തടയണകൾ നിർമിച്ചിട്ടുണ്ട്.

❖ മലപ്പുറം ജില്ലയിൽ 54 തദ്ദേശ സ്ഥാപനങ്ങളിൽ 141.07 കിലോമീറ്റർ തോടുകൾ നവീകരിച്ചിട്ടുണ്ട്. നീരുറവ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട 242 പ്രവർത്തനങ്ങളിൽ 204 പ്രവത്തങ്ങൾ തൻ മാസം പൂർത്തീകരിച്ചു

❖ കണ്ണൂർ ജില്ലയിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി 243 നീർച്ചാലുകൾ(83.9 കി.മീ) പുനരുജ്ജീവിച്ചു. ഇതോടൊപ്പം 2 കുളങ്ങളും 8 സ്ഥിരം തടയണകൾ തന്മാസം നിർമിച്ചിട്ടുണ്ട്.

❖ വയനാട് ജില്ലയിൽ ജൂലൈ മാസം വരെ 756 ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

❖ കാസർഗോഡ് ജില്ലയിൽ ജൂലൈ മാസത്തിൽ 14.85 കിലോ മീറ്റർ നീളത്തിൽ 42 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 4 കുളങ്ങളും 8 പുതിയ കിണറുകളും നിർമ്മിച്ചു. 31 കിണർ റീചാർജ്ജിംഗ് നടന്നിട്ടുണ്ട്.

| നീരുറവ് ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **41** | **155** | **224** | **130** | **509** | **0** | **0** | **0** | **0** | **116** | **236** |

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്.

| ജലഗുണനിലവാര നിർണ്ണയ ലാബ് ജൂലൈ മാസ അവലോകനം | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | ജൂൺ വരെ | ജൂലൈ | ആകെ |
| തിരുവനന്തപുരം | 13 | 1,505 | 13 | 1,518 |
| കൊല്ലം | 11 | 1,138 | 65 | 1,203 |
| പത്തനംതിട്ട | 21 | | | |
| ആലപ്പുഴ | 28 | 789 | 28 | 817 |
| കോട്ടയം | 31 | | | |
| ഇടുക്കി | 35 | 2,133 | 76 | 2,209 |
| എറണാകുളം | 54 | | | |
| തൃശ്ശൂർ | 54 | 17,742 | 286 | 18,028 |
| പാലക്കാട് | 12 | 188 | 23 | 211 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 1,893 | 84 | 1,977 |
| വയനാട് | | | | |
| കണ്ണൂർ | 21 | 1,584 | 1 | 1,585 |
| കാസർഗോഡ് | 12 | 556 | 69 | 625 |
| ആകെ | 321 | 27,528 | 645 | 28,173 |

ജൂലൈ മാസം വരെ ആകെ 321 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 207 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 308 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജൂലൈ മാസത്തെ 645 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 28,173 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

- 2019 ജൂൺ മുതൽ 2024 ജൂൺ വരെയുള്ള അഞ്ചു വർഷ കാലയളവിൽ സംസ്ഥാനത്ത് 955.1 ഏക്കർ ആകെ വിസ്തൃതിയിൽ 3366 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിരുന്നു.
- 2024 ജൂലൈ മാസത്തിൽ മാത്രം സംസ്ഥാനത്തു 41.1 ഏക്കർ ആകെ വിസ്തൃതിയിൽ 77 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

❖ നിലവിൽ സംസ്ഥാനത്ത് ആകെ 996.2 ഏക്കർ ആകെ വിസ്തൃതിയിൽ 3443 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പച്ചത്തുരുത്ത് | എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|
| ജൂൺ മാസം വരെ | 3366 | 955.1 |
| ജൂലൈ മാസം | 77 | 41.1 |
| ആകെ | 3443 | 996.2 |

## പച്ചത്തുരുത്തുകൾ-ജില്ലാ തലം

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 ജൂൺ വരെ | | 2024 ജൂലൈ മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2024 ജൂലൈ വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 492 | 58.8 | 4 | 0.44 | 496 | 59.24 |
| കൊല്ലം | 274 | 34.8 | 8 | 11.05 | 282 | 45.85 |
| പത്തനംതിട്ട | 183 | 30.4 | 2 | 0.25 | 185 | 30.65 |
| ആലപ്പുഴ | 90 | 21.0 | 1 | 0.29 | 91 | 21.29 |
| കോട്ടയം | 271 | 31.9 | 2 | 0.55 | 273 | 32.45 |
| ഇടുക്കി | 69 | 22.9 | 0 | 0 | 69 | 22.9 |
| എറണാകുളം | 137 | 18.8 | 4 | 0.65 | 141 | 19.45 |
| തൃശ്ശൂർ | 187 | 35.7 | 3 | 0.70 | 190 | 36.4 |
| പാലക്കാട് | 331 | 125.5 | 6 | 1.54 | 337 | 127.04 |
| മലപ്പുറം | 145 | 73.7 | 2 | 1.08 | 147 | 74.78 |
| കോഴിക്കോട് | 211 | 48.2 | 6 | 2.76 | 217 | 50.96 |
| വയനാട് | 69 | 22.8 | 1 | 0.40 | 70 | 23.2 |
| കണ്ണൂർ | 173 | 271.4 | 12 | 10.95 | 185 | 282.35 |
| കാസർഗോഡ് | 734 | 159.2 | 26 | 10.44 | 760 | 169.64 |
| ആകെ | 3366 | 955.1 | 77 | 41.1 | 3443 | 996.2 |

❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (282.36 ഏക്കർ ആകെ വിസ്തൃതിയിൽ 184 പച്ചതുരുത്തുകൾ).

❖ എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (168.2 ഏക്കർ ആകെ വിസ്തൃതിയിൽ 760 പച്ചതുരുത്തുകൾ).

❖ പാലക്കാട് (127.5 ഏക്കർ ആകെ വിസ്തൃതിയിൽ 337 പച്ചതുരുത്തുകൾ), മലപ്പുറം (74.7 ഏക്കർ ആകെ വിസ്തൃതിയിൽ 147 പച്ചതുരുത്തുകൾ) എന്നീ ജില്ലകളിലും കൂടുതൽ വിസ്തൃതിൽ പച്ചതുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

❖ ജൂലൈ മാസത്തിൽ സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ് (11.05 ഏക്കർ ആകെ വിസ്തൃതിയിൽ 8 പച്ചത്തുരുത്തുകൾ). കണ്ണൂർ ജില്ലയിൽ 10.95 ഏക്കർ ആകെ വിസ്തൃതിയിൽ 12 പച്ചത്തുരുത്തുകളും കാസർഗോഡ് ജില്ലയിൽ 10.44 ഏക്കർ ആകെ വിസ്തൃതിയിൽ 26 പച്ചത്തുരുത്തുകളും ജൂലൈ മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലയിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജൂലൈ മാസത്തിൽ 106 പച്ചത്തുരുത്തുകൾ

പുനർസന്ദർശിക്കുകയും 30 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 6839 തൈകൾ ആവശ്യമായി വന്നു.

❖ തിരുവനന്തപുരം ജില്ലയിൽ 0.44 ഏക്കർ ആകെ വിസ്തൃതിയിൽ 4 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു. ഇതോടൊപ്പം അഴൂർ ഗവൺമെന്റ് എച്ച്എസ് സ്കൂളിൽ സ്ഥാപിച്ച പച്ചത്തുരുത്തിൽ 6 സെന്റ് സ്ഥലത്ത് 46 മുരിങ്ങ തൈയും 30 അഗസ്തി തൈകളും മൊത്തം 76 തൈകൾ നടുകയും ചെയ്തു.

❖ കൊല്ലം ജില്ലയിൽ 11.05 ഏക്കർ ആകെ വിസ്തൃതിയിൽ 8 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ച ചവറ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിൽ 10 ഏക്കറിൽ പച്ചത്തുരുത്ത് പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ചവറ നിയോജക മണ്ഡലം എം.എൽ.എ നിർവ്വഹിച്ചു. കശുമാവ്, തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളാണ് നട്ടത്. മൈനിംഗ് കഴിയുന്ന മുറയ്ക്ക് ചവറ, പന്മന, ആലപ്പാട് ഗ്രാമപഞ്ചായത്തുകളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

❖ പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ തോട്ടുപുറം എൽപി സ്കൂളിലും, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലുമായി 0.25 ഏക്കർ ആകെ വിസ്തൃതിയിൽ 2 പുതിയ പച്ചതുരുത്തുകൾ സ്ഥാപിച്ചു.

❖ ആലപ്പുഴ ജില്ലയിൽ കണ്ടൽ ബ്രിഗേഡ് എന്ന പദ്ധതി അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 5 അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിൽ കണ്ടൽ നട്ടു വളർത്തുന്നതിന് തീരുമാനമായി.

❖ കോട്ടയം ജില്ലയിൽ ജൂലൈ മാസം 2 പുതിയ പച്ചത്തുരുത്തുകൾ 55 സെന്റിലായി ആരംഭിച്ചു. ഈ സാമ്പത്തിക വർഷം നാളിതുവരെ 30 പച്ചത്തുരുത്തുകൾ 537 സെന്റിലായി ആരംഭിച്ചു.

❖ ഇടുക്കി ജില്ലയിൽ ജൂലൈ മാസം 10 പച്ചത്തുരുത്തുകളിൽ പുനർ-സന്ദർശനം നടന്നു.

❖ എറണാകുളം ജില്ലയിൽ നഗരമദ്ധ്യത്തിൽ കലൂർ പേരണ്ടൂർ കനാലിൽ ഭാഗത്ത് ഗോകുലം പാർക്കിനെ സമീപം മാലിന്യ കുമ്പാരമായിരുന്ന സ്ഥലം മനോഹരമാക്കി പച്ചത്തുരുത്ത് നിർമ്മിച്ചു. പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നഗരസഭ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ മാവിൻ തൈ നട്ടു കൊണ്ടു നിർവഹിച്ചു. കൊച്ചി കോർപറേഷൻ ഗവൺമെൻറ് ലോ കോളേജിൽ ലഭ്യമായ രണ്ട് സെനറ്റ് സ്ഥലത്ത് പച്ചത്തുരുത്ത് ആരംഭിച്ചു. 25 തൈകൾ കോളേജിനു കൈമാറി.

❖ എറണാകുളം ജില്ലയിൽ കൊച്ചി കോർപറേഷൻ ഡിവിഷൻ 36 കുന്നുംപുറത്ത് പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനായി 5 സെന്റ് സ്ഥലം കണ്ടെത്തി. മുട്ടാർ പുഴയുടെ പാലത്തിന്റ് ഇരുവശങ്ങളിലായി നിലവിൽ വേസ്റ്റ് ഇടുന്ന ഭാഗമാണ് പച്ചത്തുരുതിനായി ഒരുക്കുന്നത്.

❖ എറണാകുളം ജില്ലയിൽ ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് വടക്കുംപുറം UP സ്കൂളിലെ 20 സെന്റ് സ്ഥലത്തു ഫലവർഷങ്ങളുടെ പച്ചത്തുരുത്തു നിർമ്മിക്കുവാൻ RBI സഹകരണം ഉറപ്പാക്കിയിട്ടുണ്ട്.

❖ തൃശ്ശൂർ ജില്ലയിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ വാണിവിലാസം സ്കൂളിൽ 10 സെന്റ് സ്ഥലത്ത് ഔഷധസസ്യ ബോർഡിൽ നിന്നും ലഭ്യമാക്കിയ 50 തൈകൾ നട്ട് പച്ചതുരുത്ത് സ്ഥാപിച്ചു .

❖ തൃശ്ശൂർ ജില്ലയിൽ ഒല്ലൂക്കര ബ്ലോക്ക് മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 50 സെന്റ് വിസ്തൃതിയിൽ പച്ചത്തുരുത്തിന് ആരംഭം കുറിച്ചു. റംബൂട്ടാൻ, മാവ്, പ്ലാവ് തുടങ്ങിയ 100 തൈകളാണ് പച്ചത്തുരുത്തിൽ നട്ടു പിടിപ്പിച്ചത്. ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്താണ് പച്ചത്തുരുത്ത് സ്ഥാപിച്ചത്. തൈകളുടെ പരിചരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട് .

❖ പാലക്കാട് ജില്ലയിൽ ജൂലൈ മാസത്തിൽ 1.54 ഏക്കറുകളിലായി 6 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഇതോടൊപ്പം 5 പച്ചത്തുരുത്തുകൾ പുനസന്ദർശിച്ചിട്ടുണ്ട്. അവസ്ഥ വിലയിരുത്തുമ്പോൾ പച്ചത്തുരുത്തുകൾ എല്ലാം നല്ല രീതിയിൽ കാണപ്പെട്ടു. പുനസന്ദർശനം നടത്തിയ 5 പച്ചത്തുരുത്തുക്കൾ 395 സെന്റിൽ ഏകദേശം 2295 വൃക്ഷതൈകൾ നിലവിലുണ്ട്.

- ❖ പാലക്കാട് ജില്ലയിൽ ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയത്തിന്റെ കീഴിലെ 17 സ്ഥലങ്ങളിൽ പച്ചത്തുരുത്ത്, കൃഷിക്കായി നൽകാം എന്ന് ഖാദി ബ്ലോർഡിൽ നിന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. അതിൽ കുഴൽമന്ദം ബ്ലോക്കിലെ കളപ്പട്ടിയിൽ 10 സെന്റ് സ്ഥലത്ത് പച്ചത്തുരുത്ത് 2024 ജൂലൈ 5 നു സ്ഥാപിച്ചു.
- ❖ മലപ്പുറം ജില്ലയിൽ ജൂലൈ മാസത്തിൽ 1.08 ഏക്കർ ആകെ വിസ്തൃതിയിൽ 2 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. 6 പച്ചത്തുരുത്തുകൾ റീ-വിസിറ്റും തൻ മാസം നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ 2.76 ഏക്കർ ആകെ വിസ്തൃതിയിൽ 6 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് കൂടാതെ റിപ്പോർട്ട് മാസം 6 പച്ചത്തുരുത്തുകളിൽ പുനനസന്ദർശനം നടന്നു.
- ❖ വയനാട് ജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ പി എച്ച് സി ക്ക് സമീപം പുതിയ പച്ചതുരുത്തിന്റെ ഉദ്ഘാടനം മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. കാട് മൂടികിടന്ന 40 സെന്റ് സ്ഥലം വൃത്തിയാക്കിയാണ് ഓക്സിജൻ പാർക്ക് എന്ന് പേരിട്ട മുള പച്ചത്തുരുത്ത് ഒരുക്കിയത്. 8 വ്യത്യസ്ത ഇനത്തിൽപ്പെട്ട 136 ഓളം മുള തൈകളാണ് പച്ചത്തുരുത്ത് ഒരുക്കുന്നതിന് വേണ്ടി കൃഷി ഭവനിൽ നിന്നും ലഭ്യമാക്കിയത്.
- ❖ കണ്ണൂർ ജില്ലയിൽ ജൂലൈ മാസം 10.95 ഏക്കർ ആകെ വിസ്തൃതിയിൽ 12 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ജൂലൈ മാസത്തിൽ 10.44 ഏക്കർ ആകെ വിസ്തൃതിയിൽ 26 പുതിയ പച്ചത്തുരുത്തുകൾ ജില്ലയിൽ നിർമ്മിച്ചിട്ടുണ്ട്. പഴയ പച്ചത്തുരുത്ത് 131 സെന്റിൽ വിപുലീകരിച്ചിട്ടുണ്ട്. 4314 തൈകളാണ് പുതുതായി നട്ടിട്ടുണ്ട്. ജൂലൈ മാസം 7 പച്ചത്തുരുത്തുകളാണ് ആർ പിമാർ പുനസന്ദർശിച്ചത്. ജിയുപി സ്കൂൾ ചാമക്കുഴിയിലെ പച്ചത്തുരുത്ത് 50 സെന്റ് വിപുലീകരിച്ച് 95 സെന്റായിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ജീവനം നീലേശ്വരത്തിന്റെ സഹായത്തോടെ സംസ്ഥാനതലത്തിൽ ഒരുലക്ഷം കണ്ടൽ തൈകൾ വെച്ചുപിടിപ്പിച്ച് കണ്ടൽ തുരുത്തുകൾ നിർമ്മിക്കുന്നു. ജീവനം നീലേശ്വരം തൈകൾ കൈമാറുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം കാസറഗോഡ് ജില്ലാ കലക്ടർ നിർവ്വഹിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ സംരക്ഷിത മേഖലയിൽ 54 ഹെക്ടർ കണ്ടൽതുരുത്തുകൾ നിലവിലുണ്ട്. ഹരിതകേരളം മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 12 കണ്ടൽതുരുത്തുകൾ പരിപാലിച്ചുവരുന്നുണ്ട്.

| പച്ചത്തുരുത്ത് ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 40 | 192 | 482 | 328 | 1002 | 3 | 110 | 0 | 0 | 165 | 555 |

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി . ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164

ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 8 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| **152** | **164** | **8** | **3040** | **2349** | **651** |

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ജൂൺ മാസം വരെ 2349 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 651 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. ഹരിതസമൃദ്ധി വാർഡുകൾ കൂടുതലുള്ളത് തിരുവനന്തപുരം (230), കാസഗോഡ് (163), കണ്ണൂർ (125), വയനാട് (52), കൊല്ലം (35), പത്തനംതിട്ട (27) എന്നീ ജില്ലകളാണ്.

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിൽ കിഴുവിലം പഞ്ചായത്ത് ഓഫീസ് പരിസരത്ത് വച്ചു ഞാറ്റുവേല വേല ചന്തയിൽ നടന്ന കർഷക സഭയിൽ വച്ച് ഹരിത സമൃദ്ധി പ്രഖ്യാപനം നടന്നു. നിലവിൽ ജൂലൈ മാസം 20 വാർഡുകൾ ഹരിത സമൃദ്ധി വാർഡ് ആയി പ്രകായപിച്ചു.
- ❖ കൊല്ലം ജില്ലയിൽ ജൂലൈ മാസത്തിൽ നെടുമ്പന ഗ്രാമപഞ്ചായത്തിലെ 23 വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. പദ്ധതിയുടെ ഭാഗമായി 600 യൂണിറ്റ് ചെടിച്ചട്ടികൾ (ഒരുയൂണിറ്റ് 25 എണ്ണം - തൈ, വളം ഉൾപ്പെടെ), കൂടാതെ 2000 വിത്തുകൾ, 1000 പച്ചക്കറിതൈകൾ, 565 യൂണിറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ വാർഡുകളിൽ വിതരണം ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ ഓണത്തിന് മുന്നോടിയായി ഗ്രാമപഞ്ചായത്തും കൃഷിഭവനും സംയുക്തമായി എം.ജി.എൻ.ആർ.ഇ.ജി.എസ്സ് കൂട്ടായ്മയിൽ കിഴക്കേകല്ലട പി.എച്ച്.എസ്സിയിൽ 25 സെന്റ് സ്ഥലത്ത് ചെണ്ടുമല്ലി കൃഷി ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക്പഞ്ചായത്തിൻറെ പരിധിയിലുള്ള 1.5 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷിയും, ബന്ദിപ്പൂ കൃഷിയും ആരംഭിച്ചു. കൂടാതെ വാർഡ് 7 ൽ 64 സെൻറ് ബന്ദിപ്പൂ കൃഷി, വാർഡ് 5-ൽ ഒരേക്കർ പച്ചക്കറി, പൂകൃഷി, വാർഡ് 2-ൽ രണ്ടേക്കർ പച്ചക്കറി കൃഷി എന്നിവയും വെളിയം ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിൽ പച്ചക്കറി, വാഴ, മരച്ചീനി, ചെണ്ടുമല്ലി എന്നിവയുടെയും കൃഷി ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ പട്ടാഴി ഗ്രാമപഞ്ചായത്ത് 13 വർഡും ഹരിത സമൃദ്ധി വാർഡ് ആയി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 45000 തൈകൾ ഇതുവരെ ഉൽപാദിപ്പിച്ചു വിതരണം ചെയ്തു. പഞ്ചായത്തിലെ വാർഡ് 11 ഹരിത സമൃദ്ധി വാർഡിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി 9 വർഷമായി തരിശായി കിടന്ന ഭൂമി കൃഷിഭവന്റെ നേതൃത്വത്തിൽ JLG ഗ്രൂപ്പ് ഏറ്റെടുത്ത് കൃഷി ചെയ്യാൻ വേണ്ടി നിലം ഒരുക്കൽ ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ വിളക്കുടി ഗ്രാമപഞ്ചായത്തിലെ വാർഡ് 1 ഹരിത സമൃദ്ധി വർഡ് പ്രഖ്യാപനത്തിന്റെ ഭാഗമായി തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്തോടെ നിലവിൽ കൃഷി ഇല്ലാത്ത 53 കുടുംബങ്ങൾക്ക് പച്ചക്കറി തൈ വിതരണം ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ കോർപ്പറേഷൻ പരിധിയിലെ തൃക്കടവൂർ എൽപി സ്കൂളിൽ ഹരിതകേരളം മിഷൻറെ ഇടപെടീലിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. മുളക്, വഴുതന, വെണ്ട തുടങ്ങിയ

പച്ചക്കറികളാണ് കൃഷി ചെയ്യുന്നത്. ഇതോടൊപ്പം ഔഷധ സസ്യതോട്ടവും ജൈവപച്ചക്കറി കൃഷിയും എം.എസ്.എം ടീച്ചർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലും ആരംഭിച്ചിട്ടുണ്ട്.

❖ പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ, പറക്കോട് ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ 12 വാർഡിൽ മൂന്ന് ഏക്കർ സ്ഥലത്ത് ബന്ദി പൂവ് കൃഷി ആരംഭിച്ചു. ആറന്മുള ഗ്രാമപഞ്ചായത്ത് ഹരിത സമൃദ്ധി വാർഡ് പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ വാർഡുകളിലും പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്.

❖ പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് തരിശരഹിത പ്രവർത്തനങ്ങളുടെ ഭാഗമായി എഴുമറ്റൂർ ഗ്രാമപഞ്ചായത്തിൽ ഏകദേശം രണ്ടേക്കറോളം സ്ഥലം ഏറ്റെടുത്ത് ബന്ദിപ്പൂ കൃഷി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർഷകർ വ്യക്തിഗത അടിസ്ഥാനത്തിൽ മില്ലറ്റ് കൃഷിയും ഏറ്റെടുത്ത് ചെയ്തുവരുന്നു.

❖ ആലപ്പുഴ ജില്ലയിൽ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വയലാർ ഗ്രാമപഞ്ചായത്ത് പ്ലാശ്ശേരി, പുല്ലംചിറ ഭാഗത്തായുള്ള വിവിധ വാർഡിലെ 44 ഹെക്ടർ വരുന്ന പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തിയുടെ ഒന്നാംഘട്ട ഉദ്ഘാടനം കാർഷിക വികസന കർഷക ക്ഷേമവകുപ്പ് മന്ത്രി പി. പ്രസാദ് അവർകൾ നിർവ്വഹിച്ച്. ഒന്നാംഘട്ട പ്രവർത്തിക്കായി കൃഷി വകുപ്പിന്റെ കീഴിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഭരണാനുമതി ലഭിച്ച തുക 4,27,00,000/- രൂപയാണ്. ആയത് KLDC വഴിയാണ് നിർവ്വഹണം നടത്തുന്നത്.

❖ എറണാകുളം ജില്ലയിൽ ഹരിത സമൃദ്ധി വാർഡ് പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിലേ 1 ഏക്കർ സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ചെണ്ടുമല്ലി കൃഷി ചെയ്യുവാൻ ആരംഭിച്ചു. വേങ്ങൂർ മേക്കപ്പാലയിൽ ജനകീയ കൂട്ടായ്മയിൽ വഴിയോരം വൃത്തിയാക്കി ബന്ദിപ്പൂ നടൽ പദ്ധതി തുടങ്ങി. ഹരിത സമൃദ്ധി പ്രവർത്തനങ്ങൾക്കായി സംഘാടക സമിതി രൂപീകരിച്ചു.

❖ എറണാകുളം ജില്ലയിൽ കരുമാല്ലൂർ കൈപ്പെട്ടി ഭഗവതി ക്ഷേത്ര പരിസരത്തു ഓണാഘോഷപരിപാടിയ്ക്ക് ആവശ്യമായുള്ള പച്ചക്കറികൾ ക്ഷേത്രപരിസരത്തു തന്നെ ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒന്നര ഏക്കറിൽ വെണ്ടയ്ക്ക, മത്തൻ, പീച്ചിൽ, തക്കാളി, കുറ്റിപ്പയർ എന്നിവ കൃഷി ചെയ്യുന്നു.

❖ എറണാകുളം ജില്ലയിൽ കരുമാലൂർ ഗ്രാമപഞ്ചായത്തിലെ FMCT ഹയർസെക്കൻഡറി സ്കൂളിൽ ചെണ്ടുമല്ലി കൃഷിക്ക് തുടക്കം കുറിച്ചു. സ്കൂളിലെ മൂന്നു സെന്റ് സ്ഥലത്താണ് കൃഷി ആരംഭിചിരികുന്നത്. 150 തൈകൾ NSS വിദ്യാർത്ഥികളുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും നേതൃത്വത്തിൽ നട്ടു പിടിപ്പിച്ചു.

❖ എറണാകുളം ജില്ലയിൽ മഹാരാജാസ് കോളേജിൽ വോളന്ററി സെയിൽസ് കൗണ്ടർ തുടക്കം കുറിച്ചു. ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികൾക്ക് അവർ നിർമ്മിക്കുന്ന ഏതൊരു വസ്തുവും കൗണ്ടർ വഴി വിൽക്കുവാൻ സാധിക്കും. ഇതിലൂടെ വിദ്യാർത്ഥികളെ സ്വയം തൊഴിൽ പ്രോത്സാഹനം നൽകി ഒരു വരുമാനം കൂടെ കണ്ടെത്തുവാനും ആണ് ഉദ്ദേശിക്കുന്നത്. മിഷൻ നൽകിയ 100 പച്ചക്കറി തൈകൾ സെയിൽസ് കൗണ്ടർ വഴി വിതരണം നടത്തി.

❖ എറണാകുളം ജില്ലയിൽ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ ഒന്നര ഏക്കർ ഭൂമിയിൽ ചെണ്ടുമല്ലി കൃഷി ആരംഭിച്ചു. കലൂർ ഗോകുലം പാർക്കിന് സമീപം പച്ചത്തുരുത്തിനൊപ്പം ബേന്ദി, പൂവ് കൃഷി ബ്യൂട്ടിഫിക്കേഷൻ പ്രവർത്തനങ്ങളും തൈകളും ലഭ്യമാക്കി.

❖ തൃശ്ശൂർ ജില്ലയിൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ ചൊവ്വല്ലൂർ ശിവക്ഷേത്രത്തിൽ ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുന്ന പച്ചത്തുരുത്തിന്റെയും ആരംഭം കുറിച്ചു. ക്ഷേത്രത്തിലേക്ക് ആവശ്യമായ പൂജാ പുഷ്പങ്ങൾ, കദളി വാഴ, തെങ്ങ്, എള്ള്, നെല്ല് എന്നിവ കൃഷി ചെയ്യുന്നതിനും നക്ഷത്ര വനം, ഔഷധ ഉദ്യാനം എന്നിവയുടെ നിർമ്മാണവും വിഭാവന ചെയ്യുന്നുണ്ട്.

❖ പാലക്കാട് ജില്ലയിൽ കുഴൽമന്ദം ബ്ലോക്കിലെ കോട്ടായി ഗ്രാമപഞ്ചായത്ത് തരിശുരഹിത ഗ്രാമം പ്രഖ്യാപനം ആഗസ്റ്റ് മാസം രണ്ടാം വാരം തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി

എം.ബി.രാജേഷ് പ്രഖ്യാപനം നടത്തുന്നതാണ്.

- ❖ പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ തരിശു പ്രദേശം ആയി 12 ഏക്കർ കണ്ടെത്തി. അതിൽ 4 ഏക്കർ തരിശുരഹിതമാക്കി. ബാക്കി 8 ഏക്കറിൽ പൂന്തോട്ടം, പച്ചക്കറി കൃഷി, മില്ലറ്റ് കൃഷി എന്നിവ ചെയ്യുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനം നടന്നുവരുന്നു.
- ❖ കാസർഗോഡ് ജില്ലയിൽ ജൂലൈ മാസം നെറ്റ് സീറോ പഞ്ചായത്തായ വലിയപറമ്പ ഗ്രാമപഞ്ചയാത്തിലെ 13 വാർഡുകളും ഹരിതസമൃദ്ധിയായി പ്രഖ്യാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ വെണ്ണന്നൂർ ക്ഷേത്രവും, ശ്രീവേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിലും കാറഡുക്ക ആദൂർ മഹാലിംഗേശ്വര ക്ഷേത്രത്തിലും ദേവഹരിതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നെൽകൃഷിയാണ് ചെയ്തിട്ടുള്ളത്.
- ❖ കാസർഗോഡ് ജില്ലയിൽ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ KCCPL ന്റെ നേതൃത്വത്തിൽ കരിന്തളം തലയടുക്കത്ത് 2 ഏക്കർ ഭൂമിയിൽ കൃഷി ചെയ്ത കുറ്റ്യാട്ടൂർമാവും 4 ഏക്കറിൽ കൃഷി ചെയ്ത പാഷൻ ഫ്രൂട്ടും നിലവിലുണ്ട്.
- ❖ സംസ്ഥാനത്തെ 5 ജില്ലകളിൾ ഹരിത കേരളം മിഷന്റെ ഇടപെടലിലൂടെ 35.52 ഏക്കർ വിസ്തൃതിയിൽ പച്ചക്കറി കൃഷി , 35.74 ഏക്കർ വിസ്തൃതിയിൽ പൂവ് കൃഷി (ഹരിത സമൃദ്ധി വാർഡ് ഉൾപ്പെടാത്ത ഇടങ്ങളിൽ ) എന്നിവ നടന്നു വരുന്നു . പച്ചക്കറി കൃഷി പ്രധാനമായും പാലക്കാട് ജില്ലയിൽ 24.72 ഏക്കറിലും കൊല്ലം ജില്ലയിൽ 4.8 ഏക്കറിലും,കാസർകോട് ജില്ലയിൽ 6 ഏക്കറിലും കൃഷി ചെയ്യുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പൂവ് കൃഷി പ്രധാനമായും കോഴിക്കോട് ജില്ലയിൽ 15.32 ഏക്കറിലും ,പാലക്കാട് ജില്ലയിൽ 12.30 ഏക്കറിലും ,കൊല്ലം ജില്ലയിൽ 3.6 ഏക്കറിലും, പത്തനംതിട്ട ജില്ലയിൽ 4.5 ഏക്കറിലും കാസർകോട് ജില്ലയിൽ 6 ഏക്കറിലും കൃഷി ചെയ്യുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

| കാർഷിക മേഖലയിലെ ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **48** | **83** | **188** | **135** | **406** | **0** | **0** | **0** | **0** | **64** | **229** |

## 9. ഹരിത സ്ഥാപനങ്ങൾ

ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | **1786** | **1271** | **338** | **177** |
| കൊല്ലം | **1947** | **976** | **617** | **354** |
| പത്തനംതിട്ട | **1398** | **965** | **302** | **131** |
| ആലപ്പുഴ | **613** | **459** | **113** | **41** |
| കോട്ടയം | **736** | **501** | **160** | **75** |
| ഇടുക്കി | **531** | **361** | **110** | **60** |
| എറണാകുളം | **1163** | **519** | **366** | **278** |
| തൃശൂർ | **2564** | **1920** | **587** | **57** |

| | | | | |
|---|---|---|---|---|
| പാലക്കാട് | 734 | 541 | 131 | 62 |
| മലപ്പുറം | 714 | 444 | 195 | 75 |
| കോഴിക്കോട് | 730 | 506 | 139 | 85 |
| വയനാട് | 241 | 132 | 60 | 49 |
| കണ്ണൂർ | 1062 | 927 | 129 | 6 |
| കാസർകോട് | 971 | 838 | 103 | 30 |
| ആകെ | 15190 | 10360 | 3350 | 1480 |

- ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും ഇന്റേൺഷിപ്പ് ട്രെയിനിമാരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നല്കിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണ, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ജൂലൈ മാസം വരെ 15190 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി. 10360 (68.20%) സ്ഥാപനങ്ങൾക്ക് ഹരിതസ്ഥാപന പദവി ലഭിച്ചിട്ടുണ്ട്.
- സംസ്ഥാനത്ത് ജൂലൈ മാസത്തിൽ 739 സ്ഥാപനങ്ങളിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ആയതിൽ പുനർസന്ദർശനം ഉൾപ്പടെ 569 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതും ഹരിത സ്ഥാപനങ്ങളാക്കിയതും തൃശ്ശൂർ ജില്ലയിലാണ്.
- തിരുവനന്തപുരം, കണ്ണൂർ, കാസറഗോഡ്, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകൾ ഏറ്റെടുത്ത സ്ഥാപനങ്ങളിൽ ഇടപെടലുകൾ നടത്തി 70 ശതമാനത്തിനു മുകളിൽ ഹരിതസ്ഥാപനങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.
- തൃശ്ശൂർ, തിരുവനന്തപുരം, എറണാകുളം, കൊല്ലം, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ കൂടുതൽ സ്ഥാപനങ്ങളിൽ അസ്സെസ്സ്മെന്റ് നടത്തിട്ടുണ്ട്.
- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതും, ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഹരിത പദവിയിൽ എത്തിച്ചതും തൃശ്ശൂർ ജില്ലയാണ്. 2564 സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് നടത്തിയതിൽ 1920 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ ജൂലൈ മാസം തൃക്കോവിൽവട്ടം, നെടുമ്പന, കരീപ്ര, ആലപ്പാട്, പെരിനാട്, മേലില, പട്ടാഴി വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 34 സ്കൂളുകൾ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചു. കൂടാതെ മാർത്തോമ ഐ.ടി.ഐ കണ്ണങ്കോട് ഹരിത ക്യാമ്പസ് പ്രഖ്യാപനവും നടന്നു.
- പത്തനംതിട്ട ജില്ലയിൽ ജൂലൈ മാസം തണ്ണിത്തോട് ഗ്രാമപഞ്ചായത് ഓഫീസ് ഉൾപ്പെടുന്ന 8

സ്ഥാപനങ്ങളെയും 24 അങ്കണവാടികളെയും ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപനം നടത്തി. തൻ മാസം 129 സ്ഥാപനങ്ങളിൽ പുനസന്ദർശനവും. 385 സ്ഥാപനങ്ങളിൽ സർട്ടിഫിക്കറ്റ് വിതരണം നടത്തി.

- പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര, ഇലന്തൂർ, ഓമല്ലൂർ എന്നി ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 4 വിദ്യാലയങ്ങളും റാന്നി ബ്ലോക്കിൽ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ 14 വിദ്യാലയങ്ങളും വടശ്ശേരിക്കരയിലെ 18 വിദ്യാലയങ്ങളും നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ 8 വിദ്യാലയങ്ങളും ജൂലൈ മാസം ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചു.
- പാലക്കാട് ജില്ലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സ്ഥാപനങ്ങളെ ഹരിത സ്ഥാപനമാക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ സ്ഥാപനങ്ങളുടെയും തരം തിരിച്ചുള്ള വിവരം 77 തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് 2024 ജൂലൈ മാസത്തിൽ ശേഖരിച്ചിട്ടുണ്ട്
- മലപ്പുറം ജില്ലയിൽ ക്യാമ്പസുകളിലെ സന്നദ്ധ കൂട്ടായ്മകൾ, പരിസ്ഥിതി മേഖലയിലെ പൂർവ്വ വിദ്യാർഥി സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പത്തു മാസ് ക്ലീനിംഗ് ഡ്രൈവുകൾ സംഘടിപ്പിച്ചു. മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട 5 ക്യാമ്പസുകളുടെ ആഭിമുഖ്യത്തിൽ പ്രാദേശിക ക്യാമ്പയിൻ സംഘടിപ്പിച്ചു.
- കോഴിക്കോട് ജില്ലയിൽ ഹരിതവിദ്യാലയം പ്രവർത്തനങ്ങളുടെ ഭാഗമായി ചേളന്നൂർ ബ്ലോക്കിലെ ഇരുവള്ളൂർ സ്കൂൾ, ജിയുപിഎസ് പടിഞ്ഞാറ്റുമുറി എന്നിവിടങ്ങളിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി. കോഴിക്കോട് കോർപ്പറേഷനിലെ നടുവട്ടം സ്കൂളിൽ ഹരിതവിദ്യാലയം പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഭാഗം വൃത്തിയാക്കി അവിടെ മാലിന്യസംസ്കരണ ഉപാധി സ്ഥാപിച്ചു.
- വയനാട് ജില്ലയിലെ വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി 25 വിദ്യാലയങ്ങളില് ഓഡിറ്റ് നടത്തി ഗ്രേഡ് നല്കിയിട്ടുണ്ട്. അവയുടെ സർട്ടിഫിക്കറ്റ് വിതരണം ഉടൻ നടത്തുകയും കൂടുതൽ വിദ്യാലയങ്ങളിൽ ക്യാമ്പയിൻ വ്യാപിപ്പിക്കുകയും ചെയ്യും.

| ഹരിത സ്ഥാപനം ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 504 | 589 | 1995 | 2664 | 5248 | 2 | 78 | 7 | 143 | 979 | 3805 |

# 10. വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

## 10.1 ഹരിത ടൂറിസം

- ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 119 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു

സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.

- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- ❖ പത്തനംതിട്ട ജില്ലയിൽ കോന്നി ആനക്കൂട്ടിൽ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 8 ലോഡ് ആനപിണ്ഡം നിക്കം ചെയ്തു. സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഴയ കട്ടവഞ്ചികൾ ഉപയോഗിച്ച് സന്ദർശകർക്ക് വിശ്രമിക്കാനുള്ള ഇരിപ്പിടങ്ങൾ ഒരുക്കി.
- ❖ ആലപ്പുഴ ജില്ലയിൽ നീലംപേരൂർ പഞ്ചായത്തിൽ മുളഹട്ട് നിർമ്മിക്കാൻ ആവശ്യമായ മുളകൾ എത്തിച്ചേർന്നിട്ടുണ്ട്, ഓണത്തോടനുബന്ധിച്ച് ഹട്ട്, ബെഞ്ച് എന്നിവ പാതയോരത്ത് നിർമിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ❖ ഇടുക്കി ജില്ലയിൽ പീരുമേട് ഗ്രാമപഞ്ചായത്തിലെ ഹരിത ടൂറിസം പദ്ധതിയുടെ ഭാഗമായി പ്രദേശത്തെ മാലിന്യങ്ങൾ പൂർണമായി നീക്കം ചെയ്തു. കൂടാതെ മാലിന്യ പരിപാലനം സംബന്ധിച്ച സന്ദേശ ബോർഡുകൾ, ബിന്നുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാർക്കിംഗ് സംവിധാനം ഒരുക്കി ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രമായ അഞ്ചുരുളിയിൽ പഞ്ചയത്തിനു പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് KSEB യുടെയും ജില്ലാ കളക്ടറുടെയും അനുമതി ലഭിച്ച സാഹചര്യത്തിൽ അടിയന്തിരമായി ഏറ്റെടുക്കേണ്ട പദ്ധതികൾ തീരുമാനിച്ചു,
- ❖ തൃശ്ശൂർ ജില്ലയിൽ മനക്കൊടി - പുള്ള് - പള്ളിപ്പുറം കോൾ ടൂറിസം പദ്ധതി നടത്തിപ്പിനായി MLA ഫണ്ടിൽ നിന്നും 2 കോടി രൂപയും, ചാഴൂർ ഗ്രാമപഞ്ചായത്ത് 50 ലക്ഷം രൂപയും പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ തിരഞ്ഞെടുത്ത 5 ഹരിത ടൂറിസം കേന്ദ്രങ്ങളിൽ ഹരിത ടൂറിസം ആശയ അവതരണം, അവസ്ഥാപഠനം, തദ്ദേശ സ്ഥാപന തല അവതരണം പൂർത്തിയായി. നിലവിൽ വെള്ളിയാങ്കല്ല്, പോത്തുണ്ടി ഡാം, മംഗലം ഡാം എന്നിവടങ്ങളിൽ സ്റ്റേക്ക് ഹോൾഡേർമാരുടെ യോഗം നടത്തി. മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഓരോ കേന്ദ്രങ്ങളിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. തിരഞ്ഞെടുത്ത 5 ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഡെസ്റ്റിനേഷൻ തല ശിൽപശാല നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ കേളകം പാലു കാച്ചി മലയിൽ ഹരിത ടൂറിസം കേന്ദ്രത്തിന് കേളകം ഗ്രാമ പഞ്ചായത്ത് 5 ബിന്നുകൾ, കുടിവെള്ള സംവിധാനത്തിനുള്ള പാത്രങ്ങൾ എന്നിവ നൽകി. എല്ലാ ടൂറിസം കേന്ദ്രങ്ങളിൽ ജൂലൈ മാസം ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ പൊസഡിഗുമ്പെ ഒഴികെയുള്ള എല്ലാ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനം നടന്നു വരുന്നുണ്ട്. അതിതീവ്ര മഴയായതിനാൽ സന്ദർശക വിലക്ക് നിലവിലുണ്ട്. 4 ഇടങ്ങളിൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

| ഹരിത ടൂറിസം ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **31** | **117** | **160** | **70** | **347** | **0** | **0** | **0** | **0** | **131** | **451** |

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം കേന്ദ്രങ്ങൾക്കുള്ള മാർഗ്ഗരേഖ ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥാ പഠനം എല്ലാ ജില്ലകളിലും നടന്നു. അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും അവതരണവും നടന്നു വരുന്നു. അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രവർത്തികൾക്കും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. അവ ഓരോ മാസവും വിലയിരുത്തുന്നുണ്ട്. സമർപ്പിച്ച പല പ്രൊജെക്ടുകളും

അനുമതി വാങ്ങുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട ഇടപെടലുകൾ നടക്കുന്നുണ്ട്.

## 11. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

- ജൂലൈ മാസത്തിൽ 886.799 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 3,964.766 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 120.240 ടൺ ലെഗസി മാലിന്യങ്ങളും, 82.327 ടൺ ഇ-മാലിന്യങ്ങളും, 204.464 ടൺ ചില്ല് മാലിന്യവും 120.960 ടൺ തുണി മാലിന്യവും 3.993 ടൺ ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വാർ റൂം ഡാറ്റയാണ് റിപ്പോർട്ടിൽ ഉൾകൊള്ളിച്ച് വന്നിരുന്നത്. എന്നാൽ വാർ റൂം ഡാറ്റ സൈറ്റിൽ 2023 ഡിസംബർ മാസം മുതൽ 2024 ജൂലൈ മാസം വരെ update / മാറ്റം വരുത്തിയിട്ടില്ല.
- മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 91.14 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.

| ശുചിത്വ-മാലിന്യ സംസ്കരണ ജൂലൈ മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 654 | 3134 | 5255 | 10293 | 18682 | 260 | 15140 | 22 | 1847 | 2045 | 12093 |

- പത്തനംതിട്ട ജില്ലയിൽ വലിച്ചെറിയൽ മുക്ത വാർഡ് മാറ്റുന്നതിന് ഭാഗമായി ചെന്നീർക്കര ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് വീട്ടുമുറ്റ സദസിന് തുടക്കമായി. മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ ഭാഗമായി നഗര സഭ, ബ്ലോക്ക്, പഞ്ചായത്തുതല ശില്പശാലകൾ നടത്തി.

- ആലപ്പുഴ ജില്ലയിൽ ജില്ലാ പ്ലാനിംഗ് ഓഫീസ് കോംപ്ലക്സിൽ അജൈവ മാലിന്യം നിക്ഷേപിക്കുന്നതിനായി ഹരിത കേരളം മിഷൻ ബിൻ സ്ഥാപിച്ചു. Multi Layer Plastic(MLP) കൊണ്ടാണ് ബിൻ നിർമ്മിച്ചിരിക്കുന്നത്. സർവീസ് സഹകരണ സംഘടനകളുടെ സഹായത്തോടെ ഓഫീസുകളിലും കോംപ്ലക്സുകളിലും എം.എൽ.പി ബിൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആലപ്പുഴ ജില്ലയിൽ 100% കളക്ഷൻ കൈവരിച്ച വാർഡിലെ ഹരിതകർമ്മ സേനാംഗങ്ങളേയും വാർഡ് മെമ്പർ മാരേയും ആദരിച്ചു.
- എറണാകുളം ജില്ലയിൽ നഗരസഭകളുടെ ജില്ലാതല ശില്പശാല ജില്ലാ കളക്ടർ നിർവഹിച്ചു. 14 നഗരസഭകളിൽ നിന്നുമായി 170 പേർ ശില്പശാലയിൽ പങ്കെടുത്തു. തിരുമാറാടി ഗ്രാമപഞ്ചയത് ഹരിതമിത്രം ആപ് വഴി 100% വാതിൽപ്പടി ശേഖരണവും യൂസർ ഫീസ് ശേഖരണവും പ്രഖ്യാപിച്ച് പിറവം എം എൽ എ അഡ്വ. അനൂപ് ജേക്കബ്.

- തൃശ്ശൂർ ജില്ലയിൽ വടക്കേകാട് ഗ്രാമപഞ്ചായത്തിലെ ആറ്റുപുറം സെൻറ് ആൻറണീസ് സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥി ഇബ്രാഹിം നാസിമിന്റെ മാതൃകാപരമായ സാമൂഹ്യപ്രതിബദ്ധത പ്രവർത്തനത്തെ സംസ്ഥാന ഹരിത കേരള മിഷനും, പുന്നയൂർ ഗ്രാമപഞ്ചായത്തും, തദ്ദേശസ്വയംഭരണ വകുപ്പും, ചേർന്ന് അനുമോദിച്ചു.
- പാലക്കാട് ജില്ലയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഹരിത അയൽക്കൂട്ടം ക്യാമ്പയിൻ ജില്ലയിൽ കാര്യക്ഷമമായിട്ട് മുന്നോട്ടു കൊണ്ടുപോകുന്നതിനു കുടുംബശ്രീയുമായിട്ടുള്ള സംയോജിത പ്രവർത്തനങ്ങൾ മിഷൻ ഏറ്റെടുക്കുന്നുണ്ട്.
- കോഴിക്കോട് ജില്ലയിൽ നടുവണ്ണൂർ പഞ്ചായത്തിൽ ഹരിതകർമ്മസേനയ്ക്ക് രണ്ടാമത്തെ വണ്ടി നൽകുന്ന ചടങ്ങ് നടന്നു.
- കണ്ണൂർ ജില്ലയിൽ കളക്ടേറ്റിലെയും അനുബന്ധ സർക്കാർ കാര്യാലയങ്ങളുടെ ഹരിത ശുചിത്വ അവസ്ഥ അടിസ്ഥാനമാക്കി ഓഫീസുകൾക്ക് സ്റ്റാർ റേറ്റിങ്ങ് ഏർപ്പെടുത്തുന്നതിനായുള്ള പ്രാഥമിക പരിശോധന പൂർത്തീകരിച്ചു.

## 12. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2024 ജൂലൈ 26, 27 തീയതികളിൽ നടന്ന ബഹു. മന്ത്രിമാരുടേയും വകുപ്പ് മേധാവികളുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗങ്ങളിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സർവതല സ്പർശിയായി ജനകീയ പങ്കാളിത്തത്തോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച് 2025 മാർച്ച് 30ന് (അന്താരാഷ്ട്ര ശൂന്യമാലന്യ ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും അവരവരുടേതായ പങ്ക് നിറവേറ്റും വിധത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവ അവയുടെ ചുമതല നിർവഹിക്കും വിധത്തിലാണ് ക്യാമ്പയിൻ നടപ്പാക്കുന്നത്. ഹരിത അയൽക്കൂട്ടം, ഹരിത വിദ്യാലയം, ഹരിത കലാലയങ്ങൾ, ഹരിത സ്ഥാപനം, നീർച്ചാലുകളുടെ ശുചീകരണം, ഹരിത ടൂറിസം, മാലിന്യ രഹിത ടൗണുകൾ, പ്രദേശങ്ങൾ, എന്നിവിടങ്ങളെ സമ്പൂർണ ശുചിത്വത്തിൽ എത്തിക്കുന്നതിന് റെസിഡന്റ്സ് അസോസിയേഷനുകൾ, സർവീസ് സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, പൊതു പ്രസ്ഥാനങ്ങൾ, വിദ്യാർഥികളുടെ സന്നദ്ധ സംഘങ്ങൾ എന്നീ ഘടകങ്ങളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമ്പൂർണ ശുചിത്വ സംസ്ഥാനമെന്ന നേട്ടത്തിലേയ്ക്ക് എത്തിച്ചേരാനാകും വിധത്തിലാണ് ക്യാമ്പയിൻ രൂപകൽപന ചെയ്തിട്ടുള്ളത്

## 13. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാട്ടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാട്ടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും". പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു. മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

### കാർഷിക പ്രവർത്തനങ്ങൾ

IHRM പദ്ധതിയുടെ കീഴിൽ ആരംഭിച്ച സുസ്ഥിര കാർഷിക പ്രവർത്തനങ്ങളുടെ തുടർച്ച

ഉറപ്പ് വരുത്തുന്നതിന് അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമീഷണർ വിളിച്ച ചേർത്ത യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ അഗ്രിക്കൾച്ചറൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**13.1) സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI)** - മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ എസ്.എസ്.ഐ മോഡലിലൂടെ കർഷകന് കൂടുതൽ വിളവ് ഉണ്ടാകുക, ഒപ്പം ജി.ഐ ടാഗുള്ള മറയൂർ ശർക്കരയ്ക്ക് കൂടുതൽ മൂല്യം കിട്ടുന്ന തരത്തിലുള്ള വിപണനം വരെ പിന്തുണ നൽകുന്ന തരത്തിൽ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

❖ മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പുമായി സംയോജിച്ചു നടത്തിയ പരിശോധന ഫലം മണ്ണ് പരിശോധന വകുപ്പിൻറെ 'മണ്ണ്' സോഫ്റ്റ്‌വെയർ വഴി പ്രദേശത്തെ മുഴുവൻ കർഷകർക്കും പ്രയോജനപ്പെടുന്ന രീതിയിൽ അപ്‌ഡേറ്റ് ചെയ്തിട്ടുണ്ട്.
❖ മറയൂർ കാന്തല്ലൂർ പ്രദേശങ്ങളിലെ എസ് എസ് ഐ കരിമ്പ് കൃഷി വികസനവുമായി ബന്ധപ്പെട്ട് എപിസിയുമായി ഔദ്യോഗിക യോഗം ചേരുകയും ഇത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തു.
❖ എപിസി യുമായുള്ള യോഗത്തിന്റെ തുടർച്ചയായി ഇടുക്കി ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറുമായി ചർച്ചകൾ നടത്തി. പ്രൊപ്പോസൽ കൂടുതൽ സമഗ്രമാക്കുന്നതും കൂടുതൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതും നടപടികൾ വേഗത്തിൽ ആക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്തു.
❖ എസ്എസ്ഐ മാതൃക തോട്ടങ്ങളിലെ വിളവെടുപ്പും കർഷകരുടെ അനുഭവങ്ങളും ഡോക്യുമെന്റ് ചെയ്തു വരുന്നു.
❖ കൂടുതൽ കർഷകരിലേക്ക് ഈ കൃഷി രീതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വീഡിയോകളും പോസ്റ്ററുകളും 17 പ്രചരണ ഉപാധികൾ തയ്യാറാക്കുകയും പ്രാദേശിക സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ വഴി പ്രചരിപ്പിച്ചു വരുന്നു.

**13.2) നെൽകൃഷി വികസനം**

❖ പാടശേഖരത്തിലെ ജലസേചന-ജലനിർഗമന പോരായ്മകൾ പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് പാടശേഖരം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തികൾക്ക് ഭരണാനുമതിയും ലഭിക്കുകയും ചെയ്തിട്ടുണ്ട്.
❖ പാടശേഖരത്തിലെ കർഷകരുടെ ജനകീയ യോഗം വിളിക്കുകയും വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനുള്ള സംയോജിത ഇടപെടലുകൾ നടത്തി.
❖ ആർ കെ വി വൈ പദ്ധതി പ്രയോജനപ്പെടുത്തി സോളാർ ഫെൻസിംഗ് സംവിധാനം നടപ്പിലാക്കുന്ന അതുമായി ബന്ധപ്പെട്ട വനംവകുപ്പ് റെയിഞ്ച് ഓഫീസറുമായി ആദ്യഘട്ട ചർച്ച നടത്തി.
❖ പാടശേഖരത്തിൽ കാട്ടുപന്നി ശല്യം ചെറുക്കുന്നതിനായി ചെറുകിട സോളാർ ഫാൻസിങ് പദ്ധതി ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുമായി ചർച്ച ചെയ്തു പൈലറ്റ് പ്രോജക്ട് വച്ചിട്ടുണ്ട്.
❖ നെൽകൃഷിയോടൊപ്പം ഓരോ സീസണിലും കൊരങ്ങാട്ടി പാടശേഖരത്തിൽ നടത്താൻ അപ്റ്റുന്ന അനുയോജ്യമായ വിളകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള (കാർഷിക ടൂറിസം കൂടി ലക്ഷ്യമാക്കിയുള്ള) കാർഷിക കലണ്ടർ ചെയ്തു
❖ കട്ടമുടി പാടശേഖര രൂപീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി, കട്ടമുടി പാടശേഖരത്തിലെ ഈ സീസണിലുള്ള നെൽകൃഷി ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. നിലം ഒരുക്കുന്നതിനുള്ള പ്രവൃത്തനങ്ങൾ നടന്നു വരുന്നു.

**13.2) പുൽതൈല കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും**

❖ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന Aromatic and Medicinal plants Research station വഴി

തൈലപ്പുൽക്കൃഷിക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുൽതൈല യൂണിറ്റുകൾക്ക് അഗ്രി ബിസിനെസ് എന്റർപ്രൈസ് മാതൃകയിൽ കൃഷി വകുപ്പ് വഴി സഹായം നൽകുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

❖ മറയൂർ ഗ്രാമപഞ്ചായത്തിലെ പുതുക്കുടിയിൽ തൈലപ്പുൽ കൃഷി ചെയ്യുന്ന കർഷകരുടെ യോഗം ചേരുകയും ഫോറസ്റ്റ് പോസ്റ്റ് എന്ന സ്ഥാപനത്തെ സഹകരിപ്പിച്ചുകൊണ്ട് ഉയർന്ന വിലയ്ക്ക് കർഷകർ ഉല്പാദിപ്പിക്കുന്ന പുൽ തൈലം വിപണനം നടത്തുന്നതിനു വേണ്ട സംയോജിത ഇടപെടലുകൾ നടത്തി.

### 13.2) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

❖ **ചിന്നക്കനാൽ ഗ്രാമ പഞ്ചായത് മാലിന്യ സംസകരണം** - ചിന്നക്കനാൽ മാലിന്യ സംസ്കരണ പ്ലാന്റിന് വേണ്ടി പഞ്ചായത്തിന് അനുവദിച്ചു കിട്ടിയ 2 ഏക്കർ സ്ഥലം സന്ദർശിക്കുകയും അതിനു വേണ്ടി പ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

❖ **മൂന്നാർ മാലിന്യ സംസ്കരണം** - മൂന്നാർ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി തയ്യാറാക്കിയ മാലിന്യ സംസ്കരണ അവസ്ഥ പഠന റിപ്പോർട്ട് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. (ചീഫ് സെക്രട്ടറി, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, എസിഎസ് തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി ജില്ലാ കളക്ടർ, ദേവികുളം സബ് കളക്ടർ, ഇടുക്കി ജോയിൻറ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് മൂന്നാർ ഗ്രാമപഞ്ചായത്ത്)

### 13.2) ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ

❖ **നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം** - നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സസ്യ ജാലങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു മാനുൽ തയ്യാറാക്കിയിട്ടുണ്ട്.

❖ **പ്രാദേശികമായുള്ള കർഷക പ്രൊഡ്യൂസർ കമ്പനി / ട്രൈബൽസൊസൈറ്റികൾ എന്നിവയുടെ ശാക്തീകരണം** - മറയൂർ ട്രൈബൽ വെൽഫെയർ സൊസൈറ്റിയുടെ ഉല്പന്നങ്ങൾക്ക് വേണ്ടിയിട്ടുള്ള ലേബലുകൾ രൂപകൽപന ചെയ്തു. ഉല്പന്നങ്ങൾക്ക് വിപണി സാധ്യതയുള്ള മാർക്കറ്റുകൾ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. പ്രാദേശിക പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള സോപ്പ് നിര്മ്മാണത്തിനുള്ള പരിശീലനം മറയൂർ പഞ്ചായത്തിലെ ചെറുവാട് കുടിയിലെ വനിതാ SHG നൽകി. വ്യവസായ അടിസ്ഥാനത്തിൽ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 14. പാറക്വാറി റീച്ചാർജിങ്

❖ ഉപേക്ഷിക്കപ്പെട്ട പാറമടകളിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം, വേനൽ കാലത്ത് കൃഷി, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള സാധ്യത തേടി ഹരിത കേരള മിഷൻ വിവിധ പാറമടകൾ സന്ദർശിച്ചു വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ സാധ്യതയുള്ള 286 ക്വാറികൾ സംസ്ഥാനത്തു കണ്ടെത്തിയിട്ടുണ്ട്. സാധ്യതയുള്ള പാറമടകൾ ഹരിത കേരള മിഷൻ നേരിട്ട് പരിശോധിച്ച് ആയതിൽ ഏറ്റവും മുൻഗണന നൽകേണ്ടവ തിരഞ്ഞെടുത്തു നടപ്പിലാക്കുന്നതാണ്.

❖ പാറമടകളിലെ വെള്ളം ഉപയോഗപ്പെടുത്തി കൊണ്ട് കൂടുതൽ പ്രദേശങ്ങളിൽ കൃഷി, സമീപത്തെ കിണറുകളിൽ ജലലഭ്യത, എന്നിവ ലക്ഷ്യമിട്ടുള്ള തുടർ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുണ്ട്.

❖ കൊല്ലം ജില്ലയിൽ രണ്ടാംഘട്ടത്തിൽ പാറക്വാറി റീചാർജ്ജിങ്ങ് നാല് ഗ്രാമപഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. പാറമടകളിൽ ലഭ്യമായ വെള്ളത്തിൻറെ അളവും, ആഴവും കണ്ടെത്തുന്നതിനായി ഹൈഡ്രോളജി വകുപ്പിന്റെ സർവ്വേ ഉടൻ ആരംഭിക്കും.

❖ പാലക്കാട് ജില്ലയിൽ പാറമടകളിലെ വെള്ളം ഉപയോഗപ്പെടുത്തി കൊണ്ട് കൂടുതൽ പ്രദേശങ്ങളിൽ കൃഷി, സമീപത്തെ കിണറുകളിൽ ജലലഭ്യത, വൈദ്യുതി ഉൽപാദനത്തിലൂടെ

അധിക വരുമാനം എന്നിവ ലക്ഷ്യമിട്ട് ഈ ക്യാമ്പയിൻ നടത്തുന്നതിനു വേണ്ടി പ്രാഥമികമായി സാധ്യതയുള്ള പാറമടകൾ കണ്ടെത്തിയത് മുൻഗണനാ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി.

## 15. തനത് പ്രവർത്തനങ്ങൾ

- കാസർഗോഡ് ജില്ലയിൽ - ജലജീവനം : കാഞ്ഞങ്ങാട് ബ്ലോക്കിലെ മടിക്കൈ ഗ്രാമപഞ്ചായത്തിലാണ് ജലജീവനം പദ്ധതി നടപ്പാക്കുന്നത്. ഹരിതകേരളം മിഷനും ജലസംരക്ഷണരംഗത്തെ വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം, പ്രാദേശിക കർഷക സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രാരംഭഘട്ടത്തിനു വേണ്ടിയുള്ള യോഗം ആഗസ്റ്റ് മാസത്തിൽ ചേരുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. തുടർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.
- വയനാട് ജില്ലയിൽ - ഓണത്തിന് നാട്ടിലും വീട്ടിലും പച്ചക്കറി ക്യാമ്പയിൻ : ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഓണത്തിന് വിളവ് എടുക്കാൻ പാകത്തിന് പച്ചക്കറി നടുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു. എന്നാൽ വയനാടിന്റെ പ്രത്യേക കാലാവസ്ഥയിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലേ പ്രധാന പച്ചക്കറിയിനങ്ങൾ നടാൻ ആവുകയുള്ളു. അതുകൊണ്ടുതന്നെ ഓണത്തിന് പാകമാകുന്ന രീതിയിൽ ഒരു സമഗ്ര പച്ചക്കറി കൃഷി പ്രായോഗികമായി ബുദ്ധിമുട്ടാണെന്ന് യോഗം വിലയിരുത്തി.

## 16. കബനിക്കായി വയനാട്

ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കേരളം മിഷനും വൈത്തിരി ഗ്രാമപഞ്ചായത്തും പൂക്കോട് വെറ്റിനറി സർവകലാശാലയും സംയുക്തമായി പുഴയോര ആവാസ വ്യവസ്ഥ പഠനം നടത്തുന്നതിനുള്ള പ്രാഥമിക യോഗം വൈത്തിരി ഗ്രാമ പഞ്ചായത്തിൽ വെച്ച് ചേർന്നു. ക്യാമ്പയിനിന്റെ ഭാഗമായുള്ള പഠനത്തിൽ വെറ്റിനറി കോളേജ് വിദ്യാർഥികളും വിവിധ മേഖലകളിലെ വിദഗ്ധരും ചേർന്നു പുഴയും പുഴയോട് ചേർന്ന ഒരു മീറ്റർ ഭാഗത്തുള്ള കരയിലും വെള്ളത്തിലും ഉള്ള ജീവജാലങ്ങളായ തവള, മീനുകൾ, തുമ്പികൾ, പൂമ്പാറ്റകൾ, water associated birds എന്നിവയെപ്പറ്റിയും പുഴയോട് ചേർന്നു വളരുന്ന സസ്യങ്ങളെപ്പറ്റിയും വിവരങ്ങൾ ശേഖരിക്കുകയും സർവ്വെ നടത്തുകയും, ആയത് ജൈവ വൈവിധ്യ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യും. ചെടികൾ സർവേ നടത്തുന്നതിന് എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗൺഡേഷന്റെ സഹായവും ലഭിക്കും. പുഴയുടെ മൊത്തം ദൂരത്തിന്റെ 10% എടുത്താണ് സർവെ നടത്തുന്നത്. ഡിസംബർ ആദ്യവാരം മുതൽ സർവെ ആരംഭിക്കും.

- കബനിക്കായ് വയനാട് ക്യാമ്പയിനിൽ ഉൾപ്പെടുന്ന 15 തദ്ദേശ സ്ഥാപനങ്ങളിലും നിലവിൽ ജലസംരക്ഷണ/പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.
- വൈത്തിരി ഗ്രാമപഞ്ചായത്തിന് പ്രത്യേക പ്രാധാന്യം നൽകി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ കൂടുതൽ ഫോക്കസ് ചെയ്യാൻ തീരുമാനിച്ചു. ഇതോടൊപ്പം മറ്റ് 14 തദ്ദേശ സ്ഥാപനങ്ങളിലും ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടക്കും.
- വൈത്തിരി ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനും പ്രവർത്തനങ്ങളുടെ റിപ്പോർട്ട്/ഐ.ഇ.സി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഹരിത കേരളം മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.
- കബനിക്കായ് വയനാട് ക്യാമ്പയിനിൽ ഉൾപ്പെടുന്ന 15 തദ്ദേശ സ്ഥാപനങ്ങളിലേയും എൻ.എസ്.എസ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'കബനിയോടൊപ്പം - കബനിയെ അറിയാൻ' പരിപാടി സംഘടിപ്പിക്കും.

## 17. മഞ്ഞപ്പുഴ രാമൻപുഴ സമഗ്രവികസന പദ്ധതി

മഞ്ഞപ്പുഴ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെയും എം എൽ എ യുടെയും

നേതൃത്വത്തിൽ കൃഷിഭവന്റെ സഹായത്തോടെ മണ്ഡലത്തിലെ മുഴവൻ പഞ്ചായത്തുകളിലുമായി ഓണക്കാലത്തേക്കായി ചെണ്ടുമല്ലി കൃഷി വ്യാപിപ്പിക്കാൻ തയ്യാറെടുക്കുകയാണ്. പദ്ധതിയുടെ മണ്ഡല തല ഉദ്ഘാടനം ബാലുശ്ശേരി പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.ബാലുശ്ശേരി പഞ്ചായത്തിലെ അര ഏക്കർ കൃഷി ഇടത്തിലാണ് ചെണ്ടുമല്ലി കൃഷി ആരംഭിക്കുന്നത് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി കൃഷി ഭവനാണ് ഇതിനുവേണ്ട പിന്തുണ സഹായം നൽകിയത്. മണ്ഡലത്തിൽ 6 ഹെക്ടർ ഓളം പ്രദേശത്താണ് ചെണ്ടുമല്ലിക്കൃഷി ഒരുങ്ങുന്നത്. മഞ്ഞപുഴ-രാമൻ പുഴ സമഗ്ര വികസന പദ്ധതി യുടെ ഭാഗമായി ഈ വർഷം ആരംഭിക്കുന്ന കാർഷിക മേഖലയിലെ ക്യാമ്പയിനുകളുടെ തുടക്കമാണ് ചെണ്ടുമല്ലി കൃഷി വ്യാപനം.

## 18. സുസ്ഥിര തൃത്താല

- ❖ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിനുള്ള സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.
- ❖ ഓണക്കൃഷി പദ്ധതിയുമായി ബന്ധപ്പെട്ട് തൃത്താല നിയോജക മണ്ഡലത്തിൽ നിലവിൽ 10 ഹെക്ടറിൽ പൂകൃഷിയും, 5 ഏക്കറിൽ പച്ചക്കറിയും, 3.5 ഏക്കർ കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷിയും, 38 ഏക്കറിൽ നേന്ത്രവാഴ കൃഷിയും ആരംഭിച്ചിട്ടുണ്ട്.
- ❖ സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി "നാട്ടിലും വീട്ടിലും ഓണ സമൃദ്ധി" എന്ന പേരിൽ 3 ദിവസത്തെ പൂവ്, പച്ചക്കറി,കുടുംബശ്രീ തനത് ഉൽപ്പന്നങ്ങൾ, എന്നിവയുടെ വിപണി കാർഷിക ഉപകരണങ്ങളുടെയും കരകൗശല വസ്തുക്കളുടെയും പ്രദർശനം സാംസ്കാരിക പരിപാടികൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു.
- ❖ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ - എക്സൈസ് - പാർലമെന്ററി കാര്യ മന്ത്രി എം ബി രാജേഷ് നേതൃത്വത്തിൽ സമ്പൂർണ്ണ ശുചിത്വ തൃത്താല എന്ന ലക്ഷ്യം വെച്ച് തൃത്താല നിയോജക മണ്ഡലത്തിൽ ആഗസ്റ്റ് 3 മുതൽ ആഗസ്റ്റ് 10 വരെ ശുചിത്വ തൃത്താല യജ്ഞം സംഘടിപ്പിക്കുന്നു.
- ❖ ഒന്നാം ഘട്ടത്തിൽ ക്ലീൻ സ്കൂൾ- ക്ലീൻ സിറ്റി എന്ന പരിപാടിയിൽ പ്രഫഷണൽ കോളേജുകൾ മറ്റു കോളേജുകൾ ഹൈസ്കൂൾ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ സഹകരണത്തോടെ, സ്വന്തം വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നതുപോലെ പരിസരത്തെ പ്രധാന കവലകളും ശുചീകരിക്കുന്നു. പദ്ധതിയുടെ ആദ്യഘട്ട യോഗം മന്ത്രിയുടെ നേതൃത്വത്തിൽ തൃത്താല ബിആർ സിയിൽ 2024 ജൂലൈ 25 ന് ചേർന്നു.
- ❖ ഈ പ്രവർത്തനത്തിന് പിന്തുണ ഉറപ്പുവരുത്താൻ വിവിധ സംഘടനകളും ബഹുജനങ്ങളും ഒപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും അടങ്ങുന്ന സർവ്വകക്ഷി യോഗം മന്ത്രിയുടെ നേതൃത്വത്തിൽ തൃത്താല ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വെച്ച് 2024 ജൂലൈ 29 നു ചേർന്നു.

## 19. ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി

പാലക്കാട് ജില്ലാ പഞ്ചായത്തും ഹരിത കേരളം മിഷനും നടപ്പിലാക്കുന്ന സംയോജിത പരിപാടിയാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി. ജില്ലയിലെ ഏറ്റവും പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയെ നാനാ പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധമാക്കുകയും ജലദൗർലഭ്യം പരിഹരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. ജലാശയങ്ങളിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനും ജലാശയങ്ങളെയും പുഴയോരങ്ങളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും സഹായകരമായ ഒരു ജനകീയ പുഴയോര ശുചീകരണ പരിപാടിക്ക് പാലക്കാട് ജില്ലാ പഞ്ചായത്ത് ഈ പദ്ധതിയുടെ ഭാഗമായി നേതൃത്വം നൽകി. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടുകൂടിയാണ് ഈ ജനകീയ പരിപാടി ജില്ലയിൽ വിജയകരമായി

പൂർത്തുകരിച്ചു. 40 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2224 പേർ പങ്കെടുത്തുകൊണ്ട് 33.47 കി.മീ ദൂരം പുഴയോരം 50 ദിവസങ്ങളിലായി ശുചീകരണം നടത്തി. ശുചീകരണം നടത്തിയ സ്ഥലങ്ങളിൽ ചെടികൾ വെച്ച് ഭംഗിയാക്കി.

ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ജലബന്ധാര നിർമ്മാണമാണ് ലക്ഷ്യം. ഭാരതപ്പുഴയോരത്ത് കരിമ്പുഴയിൽ ഗോവൻ മാതൃകയിൽ 2 മീറ്റർ ഉയരത്തിൽ ഐ.ഡി.ആർ.ബി. ഡിസൈനുള്ള തടയണ ചെറുകിട ജലസേചന വകുപ്പിന്റെ സഹായത്തോടെ നിർവ്വഹിക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള ഗോവൻ മാതൃകയിലുള്ള ജലബന്ധാരയുടെ ഡിസൈനും എസ്റ്റിമേഷനും പൂർത്തീകരിക്കുന്നതാണ്.

# ലൈഫ് മിഷൻ

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.07.2024 വരെ കരാറിലേർപ്പെട്ട 5,13,072 ഗുണഭോക്താക്കളിൽ 4,06,768 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ/ വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 3,89,167 | 2,98,528 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 30,967 | 25,660 |
| അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 37,896 | 28,974 |
| ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,13,072** | **4,06,768** |

**2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ**

**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) - 1,00,000

2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,00,052

2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ - 9,462

**ആകെ** - **1,09,514**

25-2024 വർഷം പൂർത്തീകരിച്ച വീടുകൾ - 3,210

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,06,304

റൂഫ് - 14,169

ലിൻറിൽ - 15,959

ബേസ്മെന്റ് - 18,267

നിർമ്മാണം ആരംഭിച്ചവർ - 47,905

നിർമ്മാണം ആരംഭിക്കാത്തവ - 10,004

**ആകെ** - **1,06,304**

| 2024 ജൂൺ വരെ | 2024 ജൂലൈ മാസം | 2024 ജൂലൈ വരെ |
|---|---|---|
| **4,04,529** | **2,239** | **4,06,768** |

**അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

വീട് വേണ്ടവർ - 8,629

വീടും സ്ഥലവും വേണ്ടവർ - 7,484

**ആകെ - 16,113**

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 4,208 പേരിൽ 2,170 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം**

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | **3,66,590** |
| ഭൂരഹിത ഭവനരഹിതർ | **1,94,964** |
| ആകെ | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2024 ജൂലൈ വരെ 96,323 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43022 | 10323 |
| കൊല്ലം | 33474 | 7564 |
| പത്തനംതിട്ട | 10310 | 4429 |
| ആലപ്പുഴ | 30385 | 8090 |
| കോട്ടയം | 17348 | 5363 |
| ഇടുക്കി | 26038 | 2384 |
| എറണാകുളം | 23168 | 6550 |
| തൃശ്ശൂർ | 27714 | 7547 |
| പാലക്കാട് | 57631 | 7715 |
| മലപ്പുറം | 33521 | 18797 |
| കോഴിക്കോട് | 20491 | 7046 |
| വയനാട് | 17130 | 2362 |
| കണ്ണൂർ | 12004 | 4722 |
| കാസർഗോഡ് | 14354 | 3431 |
| ആകെ | 366590 | 96323 |

| 2024 ജൂൺ വരെ | 2024 ജൂലൈ മാസം | 2024 ജൂലൈ വരെ |
|---|---|---|
| **94,318** | **2,005** | **96,323** |

**മനസ്സോടിത്തിരി മണ്ണ്**

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2024 ജൂലൈ മാസം വരെ 3201.739 സെന്റ് (32.01739 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1809.815 സെന്റ്

(18.09815 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി**

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതാണെന്ന് കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം MoU തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**ലയൺസ് - ലൈഫ് ഭവനപദ്ധതി**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും, കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്തും, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമാണ് വീട് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. MoU തയ്യാറാക്കി അംഗീകാരത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

### ഭൗതികസൗകര്യ വികസനം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5 കോടി | 141 | 138 | 3 |
| 3 കോടി | 386 | 174 | 212 |
| 1 കോടി | 446 | 180 | 266 |
| **ആകെ** | **973** | **492** | **481** |

### അക്കാദമിക പ്രവർത്തനങ്ങൾ

ജൂലൈ മാസത്തിൽ 27, 29 തീയതികളിലായി ജില്ലാ കോഡിനേറ്റർമാരുമായുള്ള സംസ്ഥാനതല ഓൺലൈൻ യോഗം നടന്നു. ഭൗതിക സൗകര്യ വികസനങ്ങളും അക്കാദമിക വികസനങ്ങളും അവലോകനം ചെയ്തു. ജൂലൈ മാസത്തിൽ ജില്ലകളിൽ നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പൊതുവിൽ എല്ലാ ജില്ലകളിലും നടന്നതും, അല്ലാതെ ജില്ലകൾ തനതായി നടത്തിയതുമായ പ്രവർത്തനങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### ശിശു സൗഹൃദ ഗണിത ശാസ്ത്ര പഠന പദ്ധതി - മഞ്ചാടി - ശിൽപ്പശാല

ഗണിത പഠനത്തിന് കേരളസർക്കാർ കെ ഡിസ്ക് മുഖേന വികസിപ്പിച്ച ശിശു സൗഹൃദ ഗണിതശാസ്ത്ര പഠന പദ്ധതിയാണ് മഞ്ചാടി. ചിന്തയുടെ വികാസം ഉറപ്പാക്കി പ്രശ്നപരിഹരണത്തിന് ഊന്നൽ നൽകുന്ന രീതിയാണ് മഞ്ചാടി പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

മഞ്ചാടി പഠനരീതി സംസ്ഥാനത്തെ 101 വിദ്യാലയങ്ങളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. സംസ്ഥാനത്താകെ തെരഞ്ഞെടുക്കപ്പെട്ട 28 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 72 വിദ്യാലയങ്ങളിലുമാണ് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചത്. ഈ വിദ്യാലയങ്ങളിലെ അഞ്ചാം ക്ലാസിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആരംഭിച്ചത്. ഭിന്നസംഖ്യ എന്ന ആശയമാണ് ആദ്യഘട്ടത്തിൽ പുതിയരീതിയിൽ കുട്ടികളിൽ എത്തിച്ചത്. വിദ്യാകിരണം മിഷൻ, പൊതു വിദ്യാഭ്യാസ വകുപ്പ്, എസ് എസ് കെ , എസ് സി ഇ ആർ ടി, കെ ഡിസ്ക് തുടങ്ങിയവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. മഞ്ചാടി പഠനരീതി കുട്ടികൾക്കും അധ്യാപകർക്കും ഏറെ ആത്മവിശ്വാസം പകർന്നതായി ഒന്നാംഘട്ട പഠനം പൂർത്തിയാക്കിയ കുട്ടികളും അധ്യാപകരും ഒരുപോലെ അഭിപ്രായം പ്രകടിപ്പിച്ചു. 2024 - 25 അക്കാദമിക വർഷം മഞ്ചാടി പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുകയാണ്.

101 സ്കൂളുകളിൽ ഭിന്നസംഖ്യാ ധാരണ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തികരിക്കുകയും ആദ്യഘട്ടത്തിൽ പുരോഗതി കൈവരിച്ചിട്ടുള്ളതായും കാണുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം അഞ്ചാം ക്ലാസ്സിൽ മഞ്ചാടി പദ്ധതി തുടരുന്നു. അതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾക്കായി ഒരു തുടക്കശില്പശാല നടത്തേണ്ടത് ആവശ്യമാണ്. അതിനായി ജൂലൈ മാസത്തിൽ 3 ക്ലസ്റ്ററുകളിലായി 101 സ്കൂളുകളിലെ അധ്യാപകർക്കും പരിശീലനം സംഘടിപ്പിച്ചു. സംഖ്യാധാരണയിലാണ് (സങ്കലനാത്മകവും ഗുണനാത്മകവും)ശിൽപ്പശാല പ്രധാനമായും ഊന്നൽ നൽകിയത്.

101 സ്കൂളുകളിലെ അഞ്ചാംതരത്തിലെ എല്ലാ അധ്യാപകർക്കും ബന്ധപ്പെട്ട ബി ആർ സി അംഗങ്ങൾക്കും പദ്ധതിയുടെ തുടർ ഘട്ടത്തിലേക്കുള്ള പ്രവർത്തനങ്ങളും അതിനു പിന്നിലുള്ള സമീപനങ്ങളും പങ്കുവയ്ക്കുന്നതിനുള്ള അവസരം ഒരുക്കുക, ആദ്യഘട്ട അവലോകനത്തോടൊപ്പം കുട്ടികളിലുണ്ടായ ഭിന്നസംഖ്യാധാരണയിലെ വികാസത്തെ കുറിച്ച് ചർച്ച ചെയ്യുക എന്നിവയായിരുന്നു ശില്പശാലയുടെ പ്രധാന ലക്ഷ്യം. കണ്ണൂർ ജില്ലയിൽ ജൂലൈ 3,4 തീയതികളിലും കോഴിക്കോട് ജില്ലയിൽ 5, 6 തീയതികളിലും തിരുവനന്തപുരത്ത് 7, 8 തീയതികളിലുമായി ശില്പശാലകൾ നടന്നു.

**ക്ലസ്റ്റർ കൂട്ടായ്മ**

രണ്ടാംഘട്ട അധ്യാപക സംഗമം ജില്ലകളിൽ സംഘടിപ്പിച്ചു. ഓരോ ക്ലാസിലും ഓരോ വിഷയത്തിലും പരിഗണിക്കുന്ന പഠന ലക്ഷ്യങ്ങളുടെ സൂക്ഷ്മാംശം പരിഗണിച്ചുകൊണ്ട് പഠനലക്ഷ്യത്തിലേക്കുള്ള പടവുകൾ കണ്ടെത്തി അധ്യാപകർ ഓരോ കുട്ടിയുടെയും നിലനിർണയിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് സഹായകമായ വിലയിരുത്തൽ സൂചകങ്ങൾ, കൂടാതെ ചിന്താപ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്ന മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ തയ്യാറാക്കുന്നതിന് പര്യാപ്തമായ പരിശീലനം ആണ് നടന്നത്. നിരന്തര മൂല്യനിർണയം ഓരോ കുട്ടിയുടെയും പഠന വിടവുകൾ കണ്ടെത്താൻ എത്രമാത്രം സഹായകമാണ്, മാറിയ പാഠപുസ്തകങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രായോഗികമാക്കേണ്ട ആവശ്യകത തുടങ്ങിയ കാര്യങ്ങൾ പരിശീലനവേളയിൽ ചർച്ച ചെയ്യപ്പെട്ടു. പഠനലക്ഷ്യങ്ങൾ പാഠഭാഗവുമായി പൂർണമായി ബന്ധപ്പെടുത്തിയ പരിശീലനം ആയതിനാൽ അധ്യാപകർ വളരെയേറെ താല്പര്യത്തോടെയാണ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്.

ക്ലസ്റ്ററിൽ മൊഡ്യൂൾ അനുസരിച്ച് പ്രക്രിയകൾ നടന്നു. എന്നാൽ ലക്ഷ്യത്തിലേക്കുള്ള പടവുകൾ കൃത്യമായി ഉൾക്കൊണ്ട് എഴുതി തയ്യാറാക്കേണ്ട ആവശ്യകത അധ്യാപകർ ഉന്നയിച്ചു. തുടർന്നുള്ള സംഗമങ്ങളിൽ ഓരോ ക്ലാസിലെയും അധ്യാപകർ നേരിടുന്ന അക്കാദമിക പ്രതിസന്ധികൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തണം. ക്ലസ്റ്ററുകളിൽ സ്കൂൾതല മികവുകൾ അവതരിപ്പിക്കാനുള്ള അവസരം ഉണ്ടാകണം. അടുത്ത് വരുന്ന മാസത്തിലേക്കുള്ള ആസൂത്രണത്തിന്റെ കൃത്യമായ കരട് ക്ലസ്റ്ററിൽ രൂപപ്പെടണം. ടൈഔട്ട് സാധ്യത പരിഗണിക്കണം. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിന് പ്രത്യേകം പദ്ധതികൾ വേണം എന്നിങ്ങനെ തുടങ്ങി ഡി ആർ ജി തലത്തിൽ ആർ.പി.മാരുടെ വിഷയ അടിസ്ഥാനത്തിലുള്ള കൂട്ടായ്മ ആവശ്യമാണെന്ന് വരെ അഭിപ്രായങ്ങൾ എച്ച് എസ് വിഭാഗത്തിൽ നിന്നും ഉണ്ടായി.

**സ്കഫോൾഡ്:** കരിയർ വികസനത്തിനായി സമഗ്രശിക്ഷ കേരളം നടപ്പാക്കുന്ന പദ്ധതിയാണ് സ്കഫോൾഡ്. വിദ്യാകിരണം മിഷന്റെ സക്രിയമായ പിന്തുണ ഈ പദ്ധതിക്ക് ഉണ്ട്.

പത്തനംതിട്ട ജില്ലയിൽ 2022- 24 അധ്യയന വർഷത്തെ സ്കഫോൾഡ് പ്രവർത്തനങ്ങളുടെ ആദ്യഘട്ടവുമായി രണ്ടാം വർഷ കുട്ടികൾക്കുള്ള ദ്വിദിന ക്യാമ്പ് ജൂലൈ 20, 21 തീയതികളിൽ നടന്നു. ക്യാമ്പിൽ അസാപ്പിന്റെ നേതൃത്വത്തിൽ നടന്ന സൈക്കോമെട്രിക് ടെസ്റ്റിന്റെ വിശകലനവും അനുഗുണമായ കരിയർ കൗൺസിലിംഗും നടന്നു. കുട്ടികൾക്കായുള്ള ഗോൾ സെറ്റിംഗ് അനുനയ പ്രവർത്തനങ്ങൾ എന്നിവ ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു. ക്യാമ്പിൽ വിവിധ സ്ട്രീമിൽ നിന്നും 40 കുട്ടികൾ പങ്കെടുത്തു. തുടർന്ന് രണ്ടാം വർഷപഠനം പൂർത്തിയാക്കിയ കുട്ടികൾക്കുള്ള അനുമോദനയോഗവും അവർക്കുള്ള കരിയർ ഗൈഡൻസും ജൂലൈ 3, 4 തീയതികളിൽ നടന്നു.

2024 -26 വർഷത്തിലെ രണ്ടാം വർഷം കുട്ടികൾക്ക് പതിനായിരം രൂപ വീതം പഠനപിന്തുണാ സഹായത്തിനും 3000 രൂപ പഠനസാമഗ്രികൾ വാങ്ങുന്നതിനും നൽകി. രണ്ടാം വർഷ വിദ്യാർഥികൾക്ക് ബുദ്ധിമുട്ടുള്ള വിഷയങ്ങൾ കണ്ടെത്തി ഓരോ ഗ്രൂപ്പിനും വിഷയ ബന്ധിതമായി

സഹായിക്കാൻ കഴിയുന്ന അധ്യാപകരെയും ഉൾപ്പെടുത്തി വാട്ട്സപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും ഫിസിക്സ്, ബയോളജി വിഷയങ്ങളിൽ സംശയനിവാരണം നൽകുന്നതിന് തുടക്കം കുറിക്കുകയും ചെയ്തു. എല്ലാ വിഷയങ്ങൾക്കും ആവശ്യമായ പിന്തുണ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, എന്നാൽ അക്കാദമികമായി മികച്ച നിലവാരം പുലർത്തുന്ന, പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഹയർസെക്കൻഡറി വിഭാഗം കുട്ടികളുടെ കരിയർ വികാസത്തിനായി സമഗ്ര ശിക്ഷാ കേരള നടപ്പാക്കുന്ന പരിപാടിയാണ് സ്കഫോൾഡ്. നിലവിലെ പ്ലസ് ടു കുട്ടികൾക്കായി ജനുവരി മാസം നടത്തിയ ദ്വിദിന റസിഡൻഷ്യൽ ക്യാമ്പിന് തുടർച്ചയായി ജൂലൈ ആദ്യവാരം ബി ആർ സികൾ കേന്ദ്രീകരിച്ച് സൈക്കോമെട്രിക് ടെസ്റ്റ് നടത്തുകയുണ്ടായി. ഇതിൽ നിന്നും ലഭിച്ച റിസൾട്ടിന്റെ അടിസ്ഥാനത്തിൽ ഈ കുട്ടികൾക്കായി കരിയർ കൗൺസിലിംഗ് ക്യാമ്പ് 2024 ജൂലൈ 27, 28 തീയതികളിൽ സംഘടിപ്പിച്ചു.

കോട്ടയം ജില്ലയിൽ 2023-24 വർഷം സ്കഫോൾഡ് പദ്ധയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 40 ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് സൈക്കോമെട്രിക്ക് ടെസ്റ്റ് നടത്തി. അതിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് 2024 ജൂലൈ 20, 21 തീയ്യതികളിൽ റസിഡൻഷ്യൽ ക്രിയേറ്റീവ് ക്യാമ്പ് സംഘടിപ്പിച്ചു.

+2 വിദ്യാർത്ഥികൾക്കായുള്ള സ്കഫോൾഡ് ദ്വിദിനക്യാമ്പ് പാലക്കാട് ജില്ലയിൽ നടന്നു. ഹയർസെക്കൻഡറി പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള ദ്വിദിന റസിഡൻഷ്യൽ ക്യാമ്പ് 2024 ജൂലൈ 20, 21 തീയതികളിൽ സംഘടിപ്പിച്ചു. രണ്ടുദിവസത്തെ ക്യാമ്പിൽ കരിയർ ഗൈഡൻസ് മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിക്കപ്പെട്ടു ക്യാമ്പിൽ പങ്കെടുക്കുന്ന 40 വിദ്യാർഥികൾക്കും വേണ്ടി സൈക്കോമെട്രിക് ടെസ്റ്റ്ക്യാമ്പിന് മുന്നോടിയായി സംഘടിപ്പിച്ചിരുന്നു. സൈക്കോമെട്രിക് ടെസ്റ്റിന്റെ വിലയിരുത്തലുമായി ബന്ധപ്പെടുത്തി വിദ്യാർത്ഥികൾ തിരഞ്ഞെടുക്കേണ്ട കരിയർ മേഖലകൾ ചർച്ച ചെയ്തു. ക്യാമ്പിൽ രക്ഷിതാക്കളും പങ്കെടുത്തു. വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ട് നാല് കരിയർ ഗൈഡൻസ് കൗൺസിലർമാരുടെ സാന്നിധ്യത്തിൽ വിദ്യാർത്ഥികളുടെ കരിയറിനെ കുറിച്ച് ചർച്ച നടത്തി. വിദ്യാർഥികൾക്ക് കൗൺസിലിംഗ് സെഷനുകളും സംഘടിപ്പിച്ചു. ക്യാമ്പിൽ സ്പെഷലിസ്റ്റ് അധ്യാപകരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വർക്ക് എക്സ്പീരിയൻസ് ക്ലാസുകൾ ക്യാമ്പ് സജീവമാക്കി. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള സ്കഫോൾഡ് പദ്ധതിയുടെ ഭാഗമായ വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളും കൗൺസിലിംഗ് കരിയർ ഗൈഡ്സ് ക്ലാസ്സുകളും പ്രയോജനപ്രദം ആണെന്ന് രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു .

പാലക്കാട് ജില്ലയിലെ സ്കഫോൾഡ് പദ്ധതിക്ക് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും പ്രത്യേക പിന്തുണ ലഭിക്കുന്നുണ്ട്.

**ഹെൽപ്പിംഗ് ഹാൻഡ്** : സമഗ്ര ശിക്ഷ കേരളം 2024- 25 അക്കാദമിക വർഷത്തിൽ പഠന പരിപോഷണ പരിപാടിയുടെ ഭാഗമായി 5 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഭാഷാ വിഷയങ്ങൾ, സാമൂഹികശാസ്ത്രം, ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ ഹെൽപ്പിംഗ് ഹാൻഡ് എന്ന പേരിൽ പഠന പരിപോഷണ പരിപാടി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. ഓരോ വിഷയത്തിലും പാഠ്യപദ്ധതി ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് വിദ്യാലയങ്ങളിൽ നടത്തുന്ന ഗുണമേന്മ പദ്ധതിയാണ് ഹെൽപ്പിംഗ് ഹാൻഡ്. ആലപ്പുഴ ജില്ലയിൽ ഹെൽപ്പിംഗ് ഹാൻഡ് പദ്ധതിയുടെ വിശദാംശങ്ങൾ പരിചയപ്പെടുത്തുന്നതിനായി ഓരോ ക്ലസ്റ്ററിലും പ്രഥമ അധ്യാപകർ, പ്രിൻസിപ്പൽമാർ എന്നിവർക്കായി ഒരു അർദ്ധദിന ശില്പശാല സംഘടിപ്പിച്ചിരുന്നു. അതേത്തുടർന്ന് ബി ആർ സി തലത്തിൽ വിദഗ്ധരുടെ സേവനം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ക്ലസ്റ്ററുകളിൽ നിന്നും ലഭിച്ച പ്രൊജക്ടുകൾ മെച്ചപ്പെടുത്തി സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി. ജൂലൈ മാസം അവസാന ആഴ്ച മുതൽ തന്നെ

ഹെൽപ്പിംഗ് ഹാൻഡ് പദ്ധതി ആലപ്പുഴ ജില്ലയിലെ സ്കൂളുകളിൽ ആരംഭിച്ചു.

കോട്ടയം, മലപ്പുറം, കണ്ണൂർ ജില്ലകളിലും പദ്ധതിയുടെ വിശദമായ അവതരണങ്ങൾ നടന്നു. ഹെൽപ്പിംഗ് ഹാൻഡ് പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ അവതരിപ്പിച്ച പ്രോജക്ടുകളുടെ അവതരണവും മെച്ചപ്പെടുത്തലുകൾക്കുമായി ബി ആർ സി തല ശില്പശാലകൾ കാസർകോട് ജില്ലയിൽ സംഘടിപ്പിച്ചു. 'പദ്ധതി സ്കൂളുകളിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സഹായകമാകുമെന്നും ക്ലാസ്റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടപ്പിലാക്കുന്ന തിന് പ്രയാസങ്ങളുണ്ടെന്നും അധ്യാപകർ പ്രതികരിച്ചു. അധ്യാപകർ തയ്യാറാക്കിയ പ്രോജക്ട്ടുക ളിലെ പോരായ്മകൾ തിരിച്ചറിയുന്നതിനും പുതിയ നിർദേശങ്ങൾ ലഭിക്കുന്നതിനും അക്കാദമിക വെല്ലുവിളികൾ മനസിലാക്കി യോജിച്ച പദ്ധതി തയ്യാറാക്കുന്നതിനും ശില്പശാല പ്രയോജനപ്പെട്ടെന്ന് അധ്യാപകർ വിലയിരുത്തി. അതേസമയം സമയബന്ധിതമായി ക്ലാസ് മുറികളിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടും അധ്യാപകർ പങ്കു വച്ചു.

**വർണ്ണക്കൂടാരം**

2023 - 24 വർഷം പ്രീ - പ്രൈമറി സ്കൂളുകളിൽ അനുവദിച്ച വർണ്ണക്കൂടാരം പദ്ധതി പത്തനംതിട്ട ജില്ലയിൽ നിരണം മുകളടി ഗവ. യു.പി.സ്കൂളിൽ ജൂലൈ 28 ന് ഉദ്ഘാടനം ചെയ്തു.

- ആലപ്പുഴ ജില്ലയിൽ 2023-24 വർഷത്തെ STARS വാർഷിക പദ്ധതി പ്രകാരം സർക്കാർ നേരിട്ട് ശമ്പളം / ഹോണറേറിയം നൽകുന്ന അധ്യാപകരുള്ള 38 അംഗീകൃത പ്രീപ്രൈമറി വിദ്യാലയങ്ങളിൽ കുട്ടികൾക്ക് പ്രീ സ്കൂൾ വികാസ മേഖലകളിൽ ശേഷികൾ ഉറപ്പാക്കാൻ പര്യാപ്തമായ പ്രവർത്തന ഇടങ്ങൾ സജ്ജീകരിക്കുന്നതിന് ജില്ലയിൽ 38 സ്കൂളുകളിൽ അനുവദിച്ച വർണ്ണക്കൂടാരം പ്രവർത്തനങ്ങൾ പൂർത്തീകരണത്തിലേക്ക് എത്തുന്നു.
- ഇടുക്കി ജില്ലയിലെ 45 അംഗീകൃത സർക്കാർ - പ്രീ സ്കൂളുകളിൽ വർണക്കൂടാരത്തിനായി 10 ലക്ഷം രൂപ വീതം അനുവദിക്കുകയും അവ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിൽ 57 സ്കൂളുകൾ വർണക്കൂടാരം പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 49 സ്കൂളുകളിൽ പദ്ധതിയുടെ വിവിധ ഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- മലപ്പുറം ജില്ലയിൽ ജൂലൈ മാസത്തിൽ വിവിധ സ്കൂളുകളിൽ വർണക്കൂടാരം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടു.
- വയനാട് ജില്ലയിൽ സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ നടപ്പാക്കുന്ന വർണ്ണക്കൂടാരം പദ്ധതിയിൽ 2023-24 വർഷം 30 വിദ്യാലയങ്ങൾക്കാണ് ഫണ്ട് അനുവദിച്ചത്. 15ഓളം വിദ്യാലയങ്ങളിൽ ആദ്യഘട്ടപ്രവർത്തനം പൂർത്തിയായി.

**ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം** : ഇടുക്കി ജില്ലയിൽ ശുചിത്വ കാമ്പയിന്റെ ഭാഗമായും പരിസ്ഥിതിദിനത്തോടനുബന്ധിച്ചും ജില്ലയിലെ മുഴുവൻ സ്കൂളുകളിലും, ജൈവ വൈവിധ്യഉദ്യാനം അനുവദിച്ച സ്കൂളുകളെ പ്രത്യേകമായും കേന്ദ്രീകരിച്ച് പരിസ്ഥിതി ദിനാചരണം ജനകീയമായി നടത്തുവാൻ സാധിച്ചു.

**ജലഗുണത പരിശോധന ലാബ്** - ഇടുക്കി ജില്ലയിൽ 5 മണ്ഡലങ്ങളിലായി 36 സ്കൂളുകളിൽ ജലഗുണത പരിശോധന ലാബുകൾ പ്രവർത്തിക്കുന്നു. ഇത് കൂടാതെ 17 സ്കൂളുകളിൽ കൂടി പുതിയതായി ലാബ്' അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുള്ളതാണ്.

**സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതി - പര്യാപ്ത 2024**

- പത്തനംതിട്ട ജില്ലയിൽ ട്രെയിനർ, ക്ലസ്റ്റർ, കോഡിനേറ്റർ എന്നിവരുടെ ശാക്തീകരണ സ്കൂൾ അറ്റാച്ച്മെന്റ് പ്രോഗ്രാമിന്റെ ആസൂത്രണവുമായി ബന്ധപ്പെട്ട പര്യാപ്തത 2024 പരിശീലനം ജൂലൈ 4, 5, 6 തീയതികളിൽ നടന്നു. പരിശീലനത്തിൽ 35 പേർ പങ്കെടുത്തു സർവ്വശിക്ഷ സ്റ്റാർസ് പദ്ധതികളുമായി ബന്ധപ്പെട്ട വിവിധതരം ഇൻ്റർവൻഷൻ ആസൂത്രണ പി.ഇ.സി,എം.ഇ.സി ബി.ആർ.സി തല ആസൂത്രണ അവലോകനയോഗങ്ങൾ, എസ് ആർ ജി വിവിധ വിഷയ

സമീപനങ്ങൾ, ഫോക്കസ് സ്കൂൾ പ്രവർത്തനങ്ങൾ, അക്കാദമിക മാസ്റ്റർ പ്ലാൻ തുടങ്ങിയവയെ കുറിച്ചുള്ള സെഷനുകൾ ഉൾപ്പെടുന്നു. എല്ലാ ബിആർസികളിൽ നിന്നും ട്രെയിനർ, ക്ലസ്റ്റർ കോഡിനേറ്റർ എന്നിവരുടെ പരിശീലനത്തിന് ശേഷം ബന്ധപ്പെട്ട വിഷയങ്ങളിൽ ടീച്ചിങ് മാനുവൽ തയ്യാറാക്കി പത്ത് ദിവസത്തെ ക്ലാസുകൾ നടന്നുവരുന്നു. സമഗ്ര ഗുണമേൻമാ പദ്ധതിയുമായി ബന്ധപ്പെട്ട സ്കൂളുകൾ, മേഖലകൾ കണ്ടെത്തി അനുയോജ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രക്ഷാകർതൃ ബോധവത്ക്കരണവുമായി ബന്ധപ്പെട്ട് ഏകദിന പരിശീലനങ്ങൾ സ്കൂൾ തലത്തിൽ ട്രെയിനർമാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.

- ഇടുക്കി ജില്ലയിൽ ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പദ്ധതി കഴിഞ്ഞ അക്കാദമിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. വിദ്യാകിരണം മിഷന്റെ ഏകോപനത്തിൽ സമഗ്രശിക്ഷാ കേരളമാണ് പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നത്. പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ അവരെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി സി.ആർ.സി.സി കോ-ഓർഡിനേറ്റർമാർ, ട്രെയിനർമാർ എന്നി വർക്കുള്ള ഫീൽഡ് തല ശാക്തീകരണ പരിപാടി 2024 ജൂലൈ 1, 2, 3 തീയതികളിൽ ഒന്നാം ഘട്ടവും രണ്ടാം ഘട്ടമായി 2024 ജൂലൈ 8, 9. 10 തീയതികളിൽ തൊടുപുഴയിൽ വച്ചും സംഘടിപ്പിച്ചു. നിലവിൽ പരിശീലനം പൂർത്തിയാക്കിയ സി.ആർ.സി.സിമാർ ഫോക്കസ് സ്കൂളുകളിൽ രണ്ടാഴ്ച്ചത്തെ ട്രൈഔട്ട് ക്ലാസ്സുകൾ നടത്തി വരുന്നു.
- കോട്ടയം ജില്ലയിൽ 8/7/2024 മുതൽ 10/7/2024 വരെ മൂന്ന് ദിവസത്തെ പരിശീലനം ട്രെയിനർമാർക്കും സി ആർ സി കോഡിനേറ്റർമാർക്കും സംഘടിപ്പിച്ചു.
- തൃശ്ശൂർ ജില്ലയിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സമഗ്ര ശിക്ഷാ പ്രവർത്തകരുടെ അക്കാദമിക മികവും പ്രയോഗ നൈപുണിയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സംഘടിപ്പിക്കുന്ന പര്യാപ്ത ത്രിദിന ശാക്തീകരണ പരിപാടി പൂർത്തിയായി. 18 ബി ആർ സികളിൽ നിന്നുള്ള സമഗ്ര ശിക്ഷാ കേരള പ്രവർത്തകരാണ് ഈ പരിശീലനത്തിൽ പങ്കെടുത്തത്. പരിശീലനം പൂർത്തിയാക്കിയ സമഗ്ര ശിക്ഷാ പ്രവർത്തകർ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ പത്തു ദിവസത്തെ വിദ്യാലയ അനുഭവ പരിപാടിക്ക് നിയോഗിക്കപ്പെട്ടു. വിദ്യാലയങ്ങളിൽ സമഗ്രഗുണമേന്മ ഉറപ്പു വരുത്തുന്നതിൽ പര്യാപ്ത ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- പാലക്കാട് ജില്ലയിലെ സിആർസിസിമാർക്കും ട്രെയിനർമാർക്കും ഉള്ള റസിഡൻഷ്യൽ ശിൽപശാലയുടെ രണ്ടാം ഘട്ട (ബാച്ച് 2,3) പരിശീലനം ആരംഭിച്ചു.
- മലപ്പുറം ജില്ലയിൽ സമഗ്ര ഗുണമേന്മ പദ്ധതി തിരഞ്ഞെടുത്ത 133 വിദ്യാലയങ്ങളിൽ പുരോഗമിക്കുന്നു. സി ആർ സി സി മാർക്കും ട്രൈനർമാർക്കുമുള്ള പരിശീലനം നൽകി. വിദ്യാലയങ്ങളിൽ എസ് ആർ ജി ചേർന്ന് ആവശ്യമായ ആസൂത്രണം നടത്തി. നിശ്ചയിക്കപ്പെട്ട രീതിയിൽ പദ്ധതി പുരോഗമിക്കുന്നു.
- 2024-25 വയനാട് ജില്ലയിൽ ആദ്യഘട്ടമായി ത്രിദിന റസിഡൻഷ്യൽ പരിശീലനം ജൂലൈ 10, 11, 12 തീയതികളിൽ നടന്നു. ജില്ലയിലെ മൂന്ന് ബി ആർ സി കളിലെയും മുഴവൻ ട്രെയിനർമാരും സി ആർ സി സി മാരും പരിശീലനത്തിൽ പങ്കെടുത്തു.
- കണ്ണൂരിൽ ജില്ലാതല പരിശീലനം നടന്നു. സമഗ്രശിക്ഷാ കണ്ണൂർ ജില്ലാതല പരിശീലനം ഒന്നാംഘട്ടം 01.07.2024 മുതൽ 03.07.2024 വരെ നടന്നു. രണ്ടാംഘട്ടവും പൂർത്തിയായി. പരിശീലനത്തിൽ കണ്ണൂർ ജില്ലയിലെ വിവിധ ബി ആർ സി കളിലെ ട്രെയിനർമാർ, സി ആർ സി കോർഡിനേറ്റർമാർ എന്നിവർ പങ്കാളികളായി.

**തനത് പ്രവർത്തനങ്ങൾ**

തിരുവനന്തപുരം ജില്ലയിൽ ജി.എച്ച്.എസ്.എസ് പാളയംകുന്നിൽ വച്ച് NAS (National Achievement Survey) ന്റെ പൈലറ്റ് സ്റ്റഡിയുമായി ബന്ധപ്പെട്ട് മൂന്നാം ക്ലാസ്സിൽ കുട്ടികൾക്ക് 15-07-2024 ന് പരീക്ഷ നടത്തി. 19-07-2024ന് ക്ലസ്റ്റർ സെന്ററുകൾ ക്രമീകരിച്ചു. വർക്കലയിൽ ജി.എച്ച്.എസ്.എസ്. പാളയംകുന്ന്, ജി.എം.എച്ച്.എസ്.എസ് വർക്കല, ജി.എൽ.പി.ജി.എസ് വർക്കല, ബി.ആർ.സി എന്നിവിടങ്ങൾ സെന്റുകളായിരുന്നു. ഡി.ആർ.ജി-കളിൽ രൂപപ്പെട്ട മൊഡ്യൂളുകൾ ക്ലസ്റ്ററിനായി ഉപയോഗിച്ചു. NAS ചോദ്യമാതൃകകൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനവും അധ്യാപകർക്ക് നൽകി.

കൊല്ലം ജില്ലയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഒ പി എച്ച്, എച്ച് ഐ. ഐ ഡി വിഭാഗങ്ങളിൽ എല്ലാ ഉപജില്ലയിലും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഗവൺമെന്റ്, സ്വകാര്യ ഡോക്ടർമാരെ പങ്കെടുപ്പിച്ച് നടന്ന ക്യാമ്പുകളിൽ പങ്കെടുക്കുന്ന കുട്ടികൾക്കുള്ള ഉപകരണങ്ങൾ സമഗ്ര ശിക്ഷാ കേരളം വഴി പർച്ചേസ് നടത്തി വിതരണം ചെയ്യും.

**സാന്ത്വന സാരഥി** : ബി ആർ സി കൾ വഴി ഭിന്നശേഷി കുട്ടികൾക്ക് ഫിസിയോ തെറാപ്പി സേവനങ്ങൾ നൽകിവരുന്നുണ്ട്. ഫിസിയോ തെറാപ്പിക്കൊപ്പം ഓട്ടിസം സെന്റർ വഴി ഒക്കുപ്പേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയും നൽകിവരുന്നു. തെറാപ്പി സേവനങ്ങൾ തികച്ചും സൗജന്യമായാണ് കുട്ടികൾക്ക് നൽകുന്നത്.

ചവറ ബി.ആർ.സി പരിധിയിലും സേവനം സൗജന്യമാണെങ്കിലും തെറാപ്പി സ്വീകരിക്കുന്നതിനായി എത്തുന്നതിന് വാഹനം ഉപയോഗിക്കുന്നതിന് സാമ്പത്തികമായ പ്രതിസന്ധി നേരിടുന്ന നിരവധി കുട്ടികൾ ഇക്കാരണത്താൽ തെറാപ്പി സേവനങ്ങൾക്ക് വരാതിരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ചവറ ബിആർസി സാന്ത്വന സാരഥി എന്ന പേരിൽ ഒരു പ്രോജക്ട് തയ്യാറാക്കുകയും ചവറ ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിലാണ്. ഈ പ്രോജക്ട് നടപ്പിലാക്കപ്പെടുന്നതോടെ ചവറ ഉപജില്ലയിലെ ഭിന്നശേഷിക്കാരായ നിരവധി കുട്ടികൾക്ക് തെറാപ്പി സേവനങ്ങൾക്ക് എത്തുന്നതിന് വാഹന സൗകര്യം സൗജന്യമായി ലഭ്യമാകും.

ബ്ലോക്ക് തല അക്കാദമിക മാസ്റ്റർ പ്ലാൻ ജില്ലയിൽ പ്രകാശനം ചെയ്തു. പൊതുവിദ്യാഭ്യാസ വകുപ്പ് പത്തനംതിട്ട, സമഗ്രശിക്ഷ പത്തനംതിട്ട എന്നിവയുടെ നേതൃത്വത്തിൽ സംയുക്തമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകളുടെ പ്രകാശനം ജൂൺ 26-ന് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. പത്തനംതിട്ട ജില്ലയിലെ 11 ബി ആർ സി കളുടെയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിന്റെയും ആഭിമുഖ്യത്തിൽ ഓരോ ബ്ലോക്ക് തലത്തിലും ഈ അധ്യയന വർഷം സമഗ്രഗുണമേന്മ പദ്ധതിയുമായി ബന്ധപ്പെട്ട നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പദ്ധതിയുടെ രൂപരേഖയാണ് തയ്യാറാക്കിയത്.

എലിമെന്ററി തലത്തിൽ അടിസ്ഥാന ഭാഷ, ഗണിത ശേഷി വികാസത്തിനായുള്ള പ്രവർത്തന പാക്കേജ്, ക്ലസ്റ്റർ തല അക്കാദമിക കൂട്ടായ്മ, പഞ്ചായത്ത് തല അക്കാദമിക വിഭവങ്ങളുടെ പങ്ക് വയ്ക്കൽ, സ്കൂൾ തല തനതു പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, കുട്ടികളുടെ പോർട്ട് ഫോളിയോ, പ്രവർത്തിപരിചയവുമായി ബന്ധപ്പെട്ട അധ്യാപക പരിശീലനങ്ങൾ, രക്ഷാകർതൃ ബോധവൽക്കരണ ക്ലാസുകൾ, പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഫോക്കസ് സ്കൂൾ പ്രവർത്തനങ്ങൾ, ബി ആർ സി യുടെ നേതൃത്വത്തിൽ ഉള്ള സ്കൂൾ അറ്റാച്ച്മെന്റ് പ്രോഗ്രാം, ആശയ ഗ്രഹണ വായന അനുഗുണമായ വിവിധതരം ക്ലാസുകൾ തുടങ്ങി വ്യത്യസ്ത പ്രവർത്തനങ്ങൾ ക്രമമായും ചിട്ടയായും ഉൾപ്പെടുത്തിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിൽ പാഠ്യപദ്ധതി സമീപനത്തിന്റെ ഭാഗമായി പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും പരിസ്ഥിതി സംരക്ഷണത്തിൽ യുവതലമുറയുടെ പങ്ക് സാധ്യമാക്കുന്നതിന്റെയും ഭാഗമായി ഏഴ് തീമുകളെ അടിസ്ഥാനമാക്കി പരിസ്ഥിതി ക്യാമ്പയിൻ MERI LIFE എൽ.പി., യു.പി., എച്ച്.എസ്.എസ് വിഭാഗം സ്കൂളുകളിൽ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി പോസ്റ്റർ മത്സരം, പെയിന്റിംഗ് സംവാദം, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സ്കൂളുകളിൽ നടന്നു. സീഡ് ക്ലബ്ബ്, വിവിധ പരിസ്ഥിതി പ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ,

സന്നദ്ധ പ്രവർത്തകർ എന്നിവർ സ്കൂളുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

1. ആരോഗ്യകരമായ ജീവിതശൈലി
2. സുസ്ഥിരമായ ഭക്ഷണ രീതികൾ
3. ഇലക്ട്രോണിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക
4. ഊർജ്ജ സംരക്ഷണം
5. ജലസംരക്ഷണം
6. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുക

എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആണ് വിഭാവനം ചെയ്യുന്നത്. 10 വയസിനു മുകളിൽ പ്രായമുള്ള കുട്ടികൾ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫോട്ടോ, റിപ്പോർട്ട് എന്നിവ Merilife പോർട്ടലിൽ അപ്‌ലോഡ് ചെയ്യും.

**"ഞാൻ കുട്ടി ശാസ്ത്രജ്ഞൻ"** : എൽപി, യുപി വിഭാഗം കുട്ടികളിൽ ശാസ്ത്ര അഭിരുചി, ഗവേഷണാത്മക ചിന്ത, നിരീക്ഷണപാടവം എന്നിവ വികസിപ്പിക്കുന്നതിനെ ലക്ഷ്യമാക്കി കൊണ്ട് ഓരോ വിഭാഗത്തിലും 50 വീതം ലഘുപരീക്ഷണകുറിപ്പുകളും നിഗമനങ്ങളും ഉൾപ്പെടുത്തി പരീക്ഷണ പുസ്തകം തയ്യാറാക്കി. കുട്ടികൾക്ക് ലഭ്യമാകുന്ന ചെലവ് കുറഞ്ഞ സാധനങ്ങൾ ആണ് പരീക്ഷണത്തിനായി തയ്യാറാക്കിയത്. അവധിക്കാലത്ത് കുട്ടികൾ നിർദ്ദേശമനുസരിച്ച് വീട്ടിൽ പരീക്ഷണങ്ങൾ തയ്യാറാക്കുകയും പ്രവർത്തന വീഡിയോ ക്ലാസ്സ് ഗ്രൂപ്പിൽ ഷെയർ ചെയ്യുകയുമാണ് പ്രവർത്തനം. തുടർന്ന് ഫീൽഡ് ട്രിപ്പ്, മുതിർന്ന ആൾക്കാരുമായുള്ള ഇന്റർവ്യൂ, പ്രൊജക്ടുകൾ എന്നിവ പാക്കേജിന്റെ തുടർ പ്രവർത്തനമായിരിക്കും.

**ഡയപ്പർ ബാങ്ക്** : ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്കായി ചങ്ങാതിക്കൂട്ടം പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ബി.ആർ.സി.യിലെയും ഡയപ്പർ ബാങ്കിൽ നിന്നും ഡയപ്പറുകൾ, കുട്ടികൾക്ക് ഫുഡ് കിറ്റ് വിതരണം എന്നിവ നടന്നുവരുന്നു.

**നാട്യ ശിക്ഷ** : ഭിന്നശേഷി കുട്ടികളിൽ അറിവും ആത്മവിശ്വാസവും മാനസികോല്ലാസവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് ജില്ലാതലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന തനത് പ്രവർത്തനമാണ് നാട്യശിക്ഷ. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 90% കുട്ടികളും 10% സാധാരണ കുട്ടികളെയും പങ്കെടുപ്പിച്ച് 'നാടക പത്തനംതിട്ട' യുമായി സംയോജിച്ച് കൊണ്ട് പത്തനംതിട്ട ജില്ല നടപ്പിലാക്കിയ പ്രവർത്തനമാണ് നാട്യശിക്ഷ. ഒന്നാം ഘട്ടത്തിൽ ജില്ലാതലത്തിൽ മാത്രമാണ് ഭിന്നശേഷി കുട്ടികളുടെ നാടക പ്രദർശനം നടന്നത്. 2023 - 24 അധ്യയന വർഷത്തിൽ എല്ലാ സബ്ജില്ലകളെയും കേന്ദ്രീകരിച്ചുകൊണ്ട് നാട്യശിക്ഷ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. ഇതിനായി അടൂർ ബി.ആർ.സി.യിൽ വച്ച് ഒരു ബി.ആർ.സി.യിൽ നിന്ന് രണ്ടു വീതം സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഡി.ആർ.ജി പരിശീലനം നടന്നു. തുടർന്ന് കുട്ടികൾക്ക് ആവശ്യമായ പ്രോപ്പർട്ടിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏകദിന ശില്പശാലയും അടൂർ ബി ആർ സിയിൽ നടന്നു. ഓരോ ബി.ആർ.സി.യിലും നാട്യശിക്ഷയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ പരിശീലനം നടന്നുവരുന്നു.

**ജിയോ ലേർണിംഗ് ലാബ്** : കോട്ടയം ജില്ലയിൽ 2024 - 25 അക്കാദമിക വർഷത്തിൽ യു പി ക്ലാസ് വിദ്യാർത്ഥികൾക്ക് ശാസ്ത്ര, സാമൂഹ്യശാസ്ത്ര പഠനം അന്വേഷണാത്മകവും പ്രവർത്തനാധിഷ്ഠിതവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ജിയോ ലേണിംഗ് ലാബ് ജി വി എച്ച് എസ് എസ് മുരുക്കുംവയൽ സ്കൂളിന് അനുവദിച്ചിരുന്നു. ലാബിന്റെ ഉദ്ഘാടനം ജൂലൈ മാസത്തിൽ നടന്നു.

**ഐ.സി.ടി ലാബ്:** മലപ്പുറം ജില്ലയിൽ അധ്യാപക കൂട്ടായ്മയുടെ പിന്തുണയോടെ സ്കൂളിൽ ഐ.സി.ടി ലാബ് സജ്ജീകരിച്ച് അധ്യാപകൻ. മഞ്ചേരി സൗത്ത് ജി.എം.എൽ.പി സ്കൂളിലെ കുട്ടികൾക്ക് പഠനത്തിന് ഇനി ഐ.സി.ടി ലാബ് പ്രയോജനപ്പെടുത്താം. അധ്യാപകൻ സിദ്ദീഖിന് ഉപഹാരമായിട്ടാണ് സ്കൂളിന് ഇത് ലഭിച്ചത്. അധ്യാപകർക്കായി നടത്തുന്ന ക്വിസ് പരീക്ഷക്കുള്ള

പിന്തുണ ക്ലാസ്സുകൾ നൽകിയതിനു കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള അധ്യാപകർ ഉൾപ്പെടുന്ന കൂൾ ബാച്ച് 15 അധ്യാപക കൂട്ടായ്മയാണ് സ്കൂളിനു ഐ.സി.ടി ലാബ് സജ്ജീകരിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകിയത്. ഒരു ലക്ഷത്തോളം രൂപ ചിലവഴിച്ചാണ് ലാബ് സജ്ജീകരിച്ചത്.

കോഴിക്കോട് ജില്ലയിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ കൺവേർജെൻസ് മീറ്റിംഗ് ജൂലൈ മാസം 29 ആം തീയതി നടന്നു. മീറ്റിംഗിൽ നിന്നുണ്ടായ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ് ആർ ജി പരിശീലനത്തിനു ശേഷം എസ് ആർ ജി മിനുട്ടസ് പല സ്കൂളുകളിലും കൃത്യതപ്പെട്ടിട്ടുണ്ട്. പരിശീലനനേട്ടം ഗുണപരമായി സ്കൂളുകളിൽ പ്രതിഫലിച്ചിട്ടുണ്ട്.
2) സബ്ജക്ട് കൺവീനർമാർ ഡയറി സൂക്ഷിക്കുന്നുണ്ട്.
3) വിദ്യാർത്ഥി ബാഹുല്യം ചുരുക്കം ചില സ്കൂളുകളിൽ സ്കൂൾ നടത്തിപ്പിന് വിഘാതമാകുന്നതായി നിരീക്ഷിച്ചു.
4) മലയാള മാധ്യമ ഡിവിഷനുകൾ കുറഞ്ഞു വരുന്നു.
5) ഓരേ ക്ലാസിൽ രണ്ട് മാധ്യമങ്ങളിലേയും ചോദ്യപേപ്പറുകൾ (ഇംഗ്ലീഷ്, മലയാളം) ഉപയോഗിക്കുന്നു.
6) ഇംഗ്ലീഷ് മാധ്യമ ഗുണപരത ഉറപ്പു വരുത്തേണ്ടതുണ്ട്. ഇംഗ്ലീഷ് ക്ലാസുകളിൽ ആശയാവതരണ രീതി പ്രായോഗികമാക്കേണ്ടതുണ്ട്.
7) ക്ലസ്റ്റർ പരിശീലനങ്ങൾ ഇംഗ്ലീഷ് മാധ്യമ വിനിമയം ശാക്തീകരിക്കുന്ന രീതിയിൽ മാറ്റിയെടുക്കേണ്ടതുണ്ട്. ക്ലസ്റ്റർ പരിശീലന മൊഡ്യൂളുകൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. എൽ പി തലം ഗുണപരം എച്ച് എസ് തലം പുനഃപരിശോധിക്കേണ്ടതുണ്ട്.
8) പ്രോജക്ടുകളുടെ ബാഹുല്യം അക്കാദമിക ആവശ്യങ്ങൾ ചിലപ്പോഴെങ്കിലും തടസപ്പെടുത്തുന്നു.
9) ഹെൽപ്പിംഗ് ഹാൻഡ് പ്രോജക്ട് ഹയർസെക്കണ്ടറി തലത്തിലെത്തുമ്പോൾ, ഗൗരവം നഷ്ടപ്പെടുന്നു.
10) പ്രീ-പ്രൈമറി എസ് സി ഇ ആർ ടി നിഷ്കർഷിച്ച വിനിമയ ഉപാധികൾക്ക് പകരം ശാസ്ത്രീയമായ സമാന്തര പുസ്തകങ്ങൾ ഉപയോഗിക്കുന്നു.
11) 1, 2 ക്ലാസുകളിലെ വിനിമയം മെച്ചപ്പെട്ടതും മറ്റു എൽ പി, യു പി തലങ്ങളിൽ വിനിമയ രീതി താരതമ്യേന ഗുണത കുറഞ്ഞതുമാണ്.
12) ദിനാചരണങ്ങൾ പുനരവലോകനം ചെയ്യേണ്ടതുണ്ട്.
13) സജീവ സംയുക്ത ഡയറി ശാക്തീകരണവും ഇംഗ്ലീഷിലേക്ക് വ്യാപിക്കേണ്ടതുണ്ട്.
14) ചങ്ങാതിക്കൂട്ടം സജീവത ഉറപ്പുവരുത്തേണം.
15) LD, SLD, ID assessment ൽ ശാസ്ത്രീയതയും ആധികാരിതയും ഉറപ്പുവരുത്തേണ്ടതുണ്ട്.
16) ATAL Tinkering Lab കൾ ഒറ്റപ്പെട്ട് പ്രവർത്തിക്കുന്നതിന് പകരം സ്കൂൾ പ്രവർത്തനങ്ങളിലേക്ക് വ്യാപിപ്പിക്കണം.
17) YIP ശാസ്ത്രപഥം കാര്യക്ഷമത ഉറപ്പു വരുത്തണം.
18) Innovative school culture, Skill Culture Development ആശയങ്ങൾ ഉണ്ടാക്കുന്നത് നല്ലതായിരിക്കും.
19) Psychometric Test കൾ അനിവാര്യം.
20) Prasasth App Registration ൽ ഇടപെടൽ അത്യാവശ്യം.
21) സംയുക്ത ഏകീകൃത സാമ്പ്ലിംഗ് അടിസ്ഥാനമാക്കിയുള്ള monitoring അനിവാര്യം.

**YIP-ശാസ്ത്രപഥം:** കോർപറേഷൻ സമിതിയോഗം കണ്ണൂർ ജില്ലയിൽ 06.07.2024ന് സംഘടിപ്പിച്ചു.

ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വി എച്ച് എസ് ഇ വിദ്യാർത്ഥികൾക്ക് അവരുടെ നൂതന ആശയങ്ങൾ പങ്കുവയ്ക്കാനും അത് പ്രാവർത്തികമാക്കാനും പ്രചോദനം നൽകുന്ന പരിപാടിയാണ് വൈ ഐ പി ശാസ്ത്രപഥം. നാളത്തെ യുവ ഗവേഷകരെ വളർത്തിയെടുക്കലാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

**ഭൂരേഖ കൈമാറൽ ചടങ്ങ് :** കണ്ണൂർ ജില്ലയിലെ രാമന്തളി ഗവ.യു പി സ്കൂളിന് സ്വന്തമായി കെട്ടിടം ഉണ്ടായിരുന്നില്ല. നാട്ടുകാർ സ്കൂളിന് വേണ്ടി 20 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ 40 സെന്റ് സ്ഥലത്തിന്റെ ഭൂരേഖ കൈമാറൽ ചടങ്ങ് 18.07.2024 ഉത്സവാന്തരീക്ഷത്തിൽ നടന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള മെഡിക്കൽ ക്യാമ്പുകൾ കണ്ണൂർ ജില്ലയിൽ നടന്നു. 2024-25 അധ്യയന വർഷത്തെ ഭിന്നശേഷി കുട്ടികളെ സർവ്വേയിലൂടെ കണ്ടെത്തുകയും സർവ്വേയിലൂടെ കണ്ടെത്തിയ കുട്ടികൾക്കുള്ള മെഡിക്കൽ ക്യാമ്പുകളും സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ 2024 ജൂലായ് മാസം പൂർത്തിയാക്കി. ചലനപരിമിതി, കേൾവിപരിമിതി, ബുദ്ധിപരിമിതി വിഭാഗങ്ങളിലായാണ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചത്. ഡോക്ടർമാർ ഉപകരണം ശുപാർശ ചെയ്ത മുഴുവൻ കുട്ടികൾക്കും സമഗ്രശിക്ഷാ കേരള ഉപകരണം വിതരണം ചെയ്യും.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 6 (22%) | 14 |
| മൂന്നാം ഘട്ടം | 8 | 2 (25%) | 3 |
| **ആകെ** | **43** | **14 (32%)** | **17** |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 76 | 53 (70%) | 8 |
| രണ്ടാം ഘട്ടം | 76 | 14 (18%) | 23 |
| **ആകെ** | **152** | **67 (44%)** | **31** |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 170 | 166 (98%) | 1 |
| രണ്ടാം ഘട്ടം | 504 | 436 (87%) | 20 |
| മൂന്നാം ഘട്ടം | 212 | 86 (41%) | 33 |
| **ആകെ** | **886** | **688 (78%)** | **54** |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ)

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യുന്നുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി സംസ്ഥാനതല പരിശീലനങ്ങൾ പൂർത്തിയായി. ജില്ലാതല പരിശീലനങ്ങൾ പുരോഗമിക്കുന്നു.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസത്തോടെ ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/8/2024 വരെ 16,91,102 വ്യക്തികളുടെ സർവേ പൂർത്തിയായി. 01/07/2024 മുതൽ 31/07/24 വരെ 1,85,240 (1.04%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 5,892 (3%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 98,491 (53.17%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 8,911 (5%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 9,336 (5.04%) പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ ഇതുവരെ 10,102 (ആകെ പരിശോധിച്ചവരിൽ 5%) പേർക്ക് പുതിയതായി രക്താതിമർദ്ദവും 898 (ആകെ പരിശോധിച്ചവരിൽ 1.7%) പേർക്ക് പ്രമേഹവും

കണ്ടെത്തി. 01/07/2024 മുതൽ 31/07/24 വരെ 1,407 (19.7%) പേർക്ക് പുതിയതായി രക്താതിമർദ്ദവും 140 (1.9%) പേർക്ക് പ്രമേഹവും കണ്ടെത്തിയിട്ടുണ്ട്.

- ❖ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 40,334 (21%) പേരുടേയും പ്രമേഹം മാത്രമുള്ള 16,262 (8.7%) പേരുടേയും രോഗവിവരങ്ങൾ ക്രൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 01/07/2024 മുതൽ 31/07/24 വരെ 1,85,240 (1.04%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ ഇതുവരെ 5892 (3%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. ഈ പോർട്ടൽ വഴി ഇതുവരെ 49,062 വ്യക്തികളുടെ പരിശോധന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വായിലെ കാൻസർ, ഗർഭാശയഗള കാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി എന്നീ പരിശോധനാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ❖ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- ❖ സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- ❖ മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ

ക്യാൻസർ സെന്റർ ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.

## 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്വർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ) പരിശോധന മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.

❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് വേണ്ടി വിശദമായ മാപ്പിങ് ടൂൾ തയ്യാറാക്കി ജില്ലകളിലേക്ക് നൽകുകയും ജില്ലകളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തിയാക്കുകയും ചെയ്തു. ജില്ലകളിൽ നിർണ്ണയ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിവിധ ഡൊമൈനുകളിൽ ഉൾപ്പെടുന്ന പരിശോധനകൾ പൂർത്തീകരിക്കുവാൻ സാധിക്കുന്ന സ്പോക്കുകളുടേയും പ്രാഥമിക, ദ്വിതീയ ഹബ് ലാബുകളുടെയും മാപ്പിംഗ് നടത്തി ജില്ലകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

❖ പത്തനംതിട്ട ജില്ലയിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകളും, കോട്ടയം ജില്ലയിൽ എഎംആർ, ക്യാൻസർ, മൈക്രോബയോളജി ടെസ്റ്റുകളും, തൃശ്ശൂർ ജില്ലയിൽ എഎംആർ ടെസ്റ്റുകളും, കൊല്ലം ജില്ലയിൽ എഎംആർ, ക്യാൻസർ ടെസ്റ്റുകളും ഹബ്ബ് ആന്റ് സ്പോക്ക് ലാബ് സംവിധാനത്തിലൂടെ നടന്നു വരുന്നു.

❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 35 തരം പരിശോധനകൾക്ക് ഹബ്ബ് ആൻഡ് സ്പോക്ക് നെറ്റ്‌വർക്ക് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ച് 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

❖ എല്ലാ ജില്ലകളിലെയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി.

❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 28 ആയുർവേദ ഡോക്ടർമാർക്കും 46 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 754 ആയുർവേദ ഡോക്ടർമാർക്കും 327 പാരാമെഡിക്കൽ സ്റ്റാഫിനും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങൾ നൽകി.

❖ നിലവിൽ സംസ്ഥാനത്ത് 1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755

രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

- ❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാംഘട്ട സർവേയിൽ 01/07/2024 മുതൽ 31/07/24 വരെ 1,85,240 (1.04%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 2,334 (1.2%) കിടപ്പുരോഗികളും 4,102 (2.2%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 61,989 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു.
- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 235 പേർ പരിശീലനം നേടി വരുന്നു.
- ❖ സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ' എന്ന പേരിൽ ഒരു ക്യാമ്പയിനും ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്തവർക്ക് സർക്കാർ/എൻ.ജി.ഒ/സി.ബി.ഒ മേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പിന്തുണയോടെ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ പരിശീലനം നൽകും.
- ❖ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റ്വെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം.

ജന്തുജന്യരോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇത്തരം രോഗങ്ങളുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

❖ ആദ്യഘട്ടമായി പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പരിപാടി നടപ്പിലാക്കുന്നത്. 2021-ൽ ആരംഭിച്ച പരിപാടിയുടെ കാലയളവ് അഞ്ച് വർഷമാണ്.

❖ മൂന്നാം വർഷ പ്രവർത്തനങ്ങളുടെ പ്രൊപോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ ഹൈലെവൽ എംപവേർഡ് കമ്മറ്റി അംഗീകരിക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

❖ ഏകാരോഗ്യം പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യവകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലന മൊഡ്യൂളിന്റെയും കൈപ്പുസ്തകത്തിന്റെയും കരട് തയ്യാറാക്കി. 2024 ജൂലൈ 29, 30 തീയതികളിൽ തൈക്കാട് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയറിന്റെ കോൺഫറൻസ് ഹാളിൽ നടന്ന ശില്പശാലയിൽ വിവിധ വകുപ്പുകളിൽ നിന്നായി 37 ഉദ്യോഗസ്ഥർ പങ്കെടുത്തു. ഇതിനു മുന്നോടിയായി 2024 ഏപ്രിൽ 8ന് ആസൂത്രണ ശില്പശാലയും ഏപ്രിൽ 19, 20 തീയതികളിൽ ആരോഗ്യ വകുപ്പിലെയും 29, 30 തീയതികളിൽ അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കു ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെന്റ് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവയുടെ കരട് തയ്യാറാക്കിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിനാണ് പരിശീലന പരിപാടികളുടെ ചുമതല.

❖ പമ്പാബേസിൻ ജില്ലകളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റു വകുപ്പുകളെ സഹകരിപ്പിച്ചുകൊണ്ട് സംയോജിത പകർച്ചവ്യാധി പരിശോധന നടത്തുക (Joint Outbreak Investigation) എന്നതാണ് ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സംയോജിത പരിശോധന നടത്തേണ്ട രോഗങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കുന്നതിനും പ്രവർത്തന മാർഗ്ഗരേഖ (Standard Operating Procedure for Joint Outbreak Investigation) തയ്യാറാക്കുന്നതിനുമായി വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ആസൂത്രണ ശില്പശാല സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശില്പശാലയിൽ ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, സിക്ക, AES, ജപ്പാൻ ജ്വരം, വെസ്റ്റ് നൈൽ ഫീവർ, വയറിളക്ക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് A, ഹെപ്പറ്റൈറ്റിസ് E, ഭക്ഷണത്തിൽക്കൂടി പകരുന്ന രോഗങ്ങൾ, എലിപ്പനി, പക്ഷിപ്പനി, കുരങ്ങുപനി, നിപ്പ എന്നീ രോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനായി സംയോജിത പരിശോധന നടത്തുന്നതിന് തീരുമാനമാകുകയും അവയ്ക്കുള്ള പ്രവർത്തന മാർഗ്ഗരേഖയുടെ കരട് വിദഗ്ധ പരിശോധന നടത്തി അന്തിമരൂപത്തിലാക്കുന്നതിനും 2024 ജൂലൈ 31ന് ശില്പശാല സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ കോൺഫറൻസ് ഹാളിൽ നടന്ന ശില്പശാലയിൽ വിവിധ വകുപ്പുകളിൽ നിന്നായി 24 ഉദ്യോഗസ്ഥർ പങ്കെടുത്തു. ആരോഗ്യ കുടുബക്ഷേമ- ആയുഷ് വകുപ്പുകളുടെ അഡിഷണൽ ചീഫ് സെക്രട്ടറി ഡോ: രാജൻ ഖോബ്രഗഡെ IAS മാർഗ്ഗരേഖ തയ്യാറാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി.

❖ ലാബ് നെറ്റ്വർക്കും രോഗ നിരീക്ഷണ സംവിധാനങ്ങളും ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പിലെയും ഏകാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളിലെയും 62 ലാബുകളിലെ ജീവനക്കാരെ ബോധവത്ക്കരിക്കുകയും പ്രത്യേകമായി തയ്യാറാക്കിയ ടൂൾ ഉപയോഗിച്ച് ഓരോ ലാബുകളുടെയും പോരായ്മകൾ പഠിക്കുകയും ലാബുകൾ സമർപ്പിച്ച ആവശ്യങ്ങൾ ടെക്നിക്കൽ കമ്മറ്റി വിലയിരുത്തി 9 ലാബുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങി

നൽകുന്നതിനായി 1.03 കോടി രൂപ KMSCL ന് കൈമാറുകയും ചെയ്തിരുന്നു. ഉപകരണങ്ങൾ KMSCL വിതരണം ചെയ്തു വരുന്നു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

❖ മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

❖ ജില്ലകളിലെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെയും എന്റമോളജി യൂണിറ്റുകളുടെയും രൂപീകരണം നിലവിലെ രോഗ നിവാരണ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ സഹായകമാകും.

❖ 2023ൽ കോഴിക്കോട്, കൊല്ലം, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലും 2024ൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും തദ്ദേശീയമായ മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തു. 2024ൽ സംസ്ഥാനത്താകെ ഇതുവരെ 276 മലേറിയ കേസുകളും 4 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശീയമല്ലാത്ത കേസുകൾ വർദ്ധിച്ച് വരുന്നതും മലേറിയ വാഹകരായ കൊതുകുകളുടെ എണ്ണം മിക്ക ജില്ലകളിലും വർദ്ധിച്ച് വരുന്നതും സംസ്ഥാനത്തെ മലേറിയ നിവാരണത്തിന് വെല്ലുവിളിയാവുന്നു.

❖ എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മലേറിയ നിവാരണത്തിന്റെ ഭാഗമായുള്ള പ്രീവാലിഡേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

❖ കേരളത്തിലെ 11 ജില്ലകളിൽ മന്ത് രോഗം തദ്ദേശീയമായി തന്നെ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനവും രോഗവാഹകരായുള്ള കൊതുകുകളുടെ സാന്നിധ്യവും ഈ രോഗങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും 2028 ഓടെ മന്ത് രോഗം സംസ്ഥാനത്ത് നിന്നും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കിടയിലും മന്ത് രോഗ നിവാരണത്തിന്റെ ഭാഗമായുള്ള സ്ക്രീനിങ് നടന്നു വരുന്നു.

❖ മന്ത് രോഗ രോഗനിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖല സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.

❖ കാലാ അസാർ സംസ്ഥാനത്തെ ഹെൽത്ത് ബ്ലോക്കുകളിൽ 10000 പേരിൽ ഒരാളിൽ താഴെ എന്ന രീതിയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2027 ഓടെ സംസ്ഥാനതലത്തിൽ പൂർണമായും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാലാ അസാറുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും വെക്ടർ സർവൈലൻസ് പ്രവർത്തനങ്ങളും നടന്നു വരുന്നു. കാലാ അസാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് സർവേകളും നടത്തി വരുന്നു.

❖ 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.

❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും NTEP പ്രോഗ്രാമിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

❖ സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

- ഇതിൽ 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 48 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 82 |
| നിർമ്മാണം പൂർത്തിയായവ | 50 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 48 |
| നിർമ്മാണം പുരോഗമിക്കുന്നവ | 32 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 6 |

- നിലവിൽ ഐസോലേഷൻ വാർഡുകളുടെ നിർമ്മാണം നടത്തുന്ന ഏജൻസിയെ (M/s TDLC) ഒഴിവാക്കാനായി കിഫ്ബി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.
- നിർമ്മാണം പൂർത്തിയായ 20 വാർഡുകളിൽ വൈദ്യുതി, വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.
- നിർമ്മാണ പ്രവർത്തി പൂർത്തിയാക്കാനുള്ള 32 സ്ഥലങ്ങളിൽ KIIFB-KMSCL സംയുക്തമായി ചേർന്ന് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.
- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന

ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- ❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ ഇതിനായി SHSRC യിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.
- ❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.
- ❖ SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- ❖ കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.
- ❖ SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.
- ❖ ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി

പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്‌ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.

- ❖ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.
- ❖ കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് 2024 ജൂലൈ 2 ന് പ്രാഥമിക യോഗം നടത്തി, കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- ❖ SHSRC നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 36 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 25 എണ്ണത്തിന്റെ വിവരശേഖരണവും ഡാറ്റാ അനാലിസിസും പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ ന്റെ ധനസഹായത്തോടെ 4 പദ്ധതികളും KSACS/NACO യുടെ ധനസഹായത്തോടെ 6 പദ്ധതികളും നടന്നു വരുന്നു.

## ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- ❖ നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 217 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- ❖ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4564 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.
- ❖ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ പുതുക്കിയ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന-ജില്ലാ തല ഉദ്യോഗസ്ഥർക്കായി ശില്പശാല നടത്തി.
- ❖ ജനകീയ ആരോഗ്യ കേന്ദ്ര ടീം പ്രവർത്തനങ്ങളെയും സ്ഥാപന-ഫീൽഡ് തല സേവനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ജീവനക്കാർക്കായി സംസ്ഥാന തലത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു.
- ❖ പുതിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും സംബന്ധിച്ചുള്ള ജില്ലാതല പരിശീലനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്ര ജീവനക്കാർക്കും സൂപ്പർവൈസർമാർക്കുമായി സംഘടിപ്പിച്ചു.
- ❖ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ നിന്നും പ്രതിമാസം ശരാശരി 9 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.
- ❖ **വെൽ വുമൺ ക്ലിനിക്കുകൾ:** ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 4 ക്ലിനിക്കുകൾ എങ്കിലും നടത്തുന്നതായും ഒരു ക്ലിനിക്കിൽ 14 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.

- **ജീവിതശൈലീ രോഗ ക്ലിനിക്കുകൾ:** ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ പ്രതിമാസം ശരാശരി നാല് ജീവിതശൈലീ രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 24 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.
- **ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ:** ഒരു മാസത്തിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 97, ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 143 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 49 ഭവന സന്ദർശനങ്ങളും നടത്തുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.
- സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (100%) 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- ❖ 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- ❖ നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- ❖ മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## ജൂലൈ മാസത്തെ പ്രവർത്തനങ്ങൾ

- ❖ ജൂലൈ മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 129 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. ജൂൺ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 909 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ❖ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 2362 യോഗങ്ങൾ ജൂലൈ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 333 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 654 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 171 യോഗങ്ങളും, ജല ബജറ്റിനായി 157 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 310 യോഗങ്ങളും, പച്ചത്തുരുത്തിനായി 40 യോഗങ്ങളും, നീലക്കുറിഞ്ഞിക്കായി 32 യോഗങ്ങളും,മാതൃകാ തദ്ദേശസ്ഥാപനങ്ങൾക്കായി 117 യോഗങ്ങളും,തെങ്ങിന് തടം മണ്ണിന് ജലത്തിനായി 66 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ❖ ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 69 ജില്ലാ തല യോഗങ്ങളും 259 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 1389 തദ്ദേശ സ്വയംഭരണ യോഗങ്ങളും 645 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി ജൂലൈ മാസത്തിൽ കൂടിയിട്ടുണ്ട്.
- ❖ വിവിധ യോഗങ്ങളിൽ 8500 ജനപ്രതിനിധികളും 14119 ഉദ്യോഗസ്ഥരും, 25409 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 48028 പേർ ജൂലൈ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- ❖ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 294 ശില്പശാലകൾ നടത്തുകയും ആയതിൽ 16971 പേർ പങ്കെടുക്കുകയും ചെയ്തു.
- ❖ ഹരിത കേരളം മിഷൻ 65 പരിശീലനങ്ങൾ ജൂലൈ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 3439 പേർ ഭാഗമായിട്ടുണ്ട്.
- ❖ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ജൂലൈ മാസത്തിൽ 7141 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 31613 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ജൂലൈ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ജൂലൈ മാസത്തിലെ പ്രവർത്തനം | | | | | | | | | | | | | | | | |
| സ്കീം/ പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം | നഗരസഭാ/കോർപറേഷൻ തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| കളക്ടറുടെ ജില്ലാ യോഗം | 4 | 0 | 0 | 0 | 0 | 4 | 0 | 69 | 5 | 74 | 0 | 0 | 0 | 0 | 18 | 45 |
| ജില്ലാ മിഷൻ യോഗം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 6 |
| തദ്ദേശ മിഷൻ യോഗം | 0 | 7 | 115 | 7 | 0 | 129 | 1079 | 1486 | 512 | 3077 | 0 | 0 | 0 | 0 | 352 | 1032 |
| മാലിന്യ സംസ്കരണം | 37 | 138 | 365 | 49 | 65 | 654 | 3134 | 5255 | 10293 | 18682 | 260 | 15140 | 22 | 1847 | 2045 | 12093 |
| ഹരിത വിദ്യാലയം | 2 | 7 | 52 | 14 | 96 | 171 | 245 | 857 | 2030 | 3132 | 2 | 78 | 3 | 75 | 355 | 2457 |
| ഹരിത ഓഫീസ് | 5 | 7 | 53 | 20 | 248 | 333 | 344 | 1138 | 634 | 2116 | 0 | 0 | 4 | 68 | 624 | 1348 |
| ഹരിത ടൂറിസം | 0 | 4 | 24 | 1 | 2 | 31 | 117 | 160 | 70 | 347 | 0 | 0 | 0 | 0 | 131 | 451 |
| മാപത്തോൺ | 0 | 2 | 27 | 1 | 0 | 30 | 212 | 114 | 55 | 381 | 0 | 0 | 0 | 0 | 87 | 312 |
| ജല ബജറ്റ് | 1 | 39 | 110 | 1 | 6 | 157 | 897 | 1322 | 486 | 2705 | 5 | 118 | 13 | 133 | 783 | 848 |
| നീരുറവ് | 1 | 9 | 29 | 2 | 0 | 41 | 155 | 224 | 130 | 509 | 0 | 0 | 0 | 0 | 116 | 236 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 2 | 3 | 14 | 0 | 0 | 19 | 36 | 78 | 48 | 162 | 0 | 0 | 0 | 0 | 47 | 112 |
| ജലഗുണനിലവാര ലാബ് | 4 | 8 | 76 | 0 | 31 | 119 | 446 | 569 | 3646 | 4661 | 18 | 1265 | 23 | 1316 | 261 | 1938 |
| പാറക്വാറി പ്രവർത്തനങ്ങൾ | 3 | 3 | 24 | 2 | 0 | 32 | 77 | 150 | 213 | 440 | 5 | 235 | 0 | 0 | 110 | 711 |
| നെറ്റ് സീറോ കാർബൺ | 0 | 5 | 98 | 4 | 14 | 121 | 472 | 453 | 2098 | 3023 | 0 | 0 | 0 | 0 | 275 | 1595 |
| നെറ്റ് സീറോ കാർബൺ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | 2 | 11 | 105 | 16 | 55 | 189 | 421 | 549 | 918 | 1888 | 0 | 0 | 0 | 0 | 672 | 2216 |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | 1 | 2 | 12 | 1 | 32 | 48 | 83 | 188 | 135 | 406 | 0 | 0 | 0 | 0 | 64 | 229 |
| പച്ചത്തുരുത്ത് | 4 | 6 | 27 | 1 | 2 | 40 | 192 | 482 | 328 | 1002 | 3 | 110 | 0 | 0 | 165 | 555 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 0 | 0 | 11 | 0 | 0 | 11 | 77 | 91 | 28 | 196 | 0 | 0 | 0 | 0 | 23 | 106 |
| തനതു പ്രവർത്തനം | 0 | 0 | 7 | 3 | 8 | 18 | 17 | 44 | 67 | 128 | 0 | 0 | 0 | 0 | 92 | 145 |
| നീലക്കുറിഞ്ഞി | 0 | 1 | 2 | 0 | 29 | 32 | 48 | 261 | 3347 | 3656 | 0 | 0 | 0 | 0 | 30 | 3534 |
| മാതൃകാ തദ്ദേശസ്ഥാപനങ്ങൾ | 0 | 2 | 59 | 1 | 55 | 117 | 288 | 424 | 286 | 998 | 0 | 0 | 0 | 0 | 678 | 1303 |
| തെങ്ങിന് തടം മണ്ണിന് ജലം | 3 | 5 | 55 | 1 | 2 | 66 | 160 | 205 | 80 | 445 | 1 | 25 | 0 | 0 | 210 | 341 |
| ആകെ | 69 | 259 | 1265 | 124 | 645 | 2362 | 8500 | 14119 | 25409 | 48028 | 294 | 16971 | 65 | 3439 | 7141 | 31613 |